ANGAMALY NRI ASSOCIATION ANGAMALY NRI ASSOCIATION ANGAMALY NRI ASSOCIATION ANGAMALY NRI ASSOCIATION ANGAMALY NRI ASSOCIA




**Angamaly NRI Association,** United Arab Emirates

For Private Circulation only



മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും !!
ഏവർക്കും സമൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും
ഓണാശംസകൾ...
-അങ്കമാലി എൻ.ആർ.ഐ. അസോസിയേഷൻ

# വരും താളുകളിൽ


ഐക്യത്തിന്റെ മഹാഘോഷത്തിലേക്ക് സ്വാഗതം
ബിജു ആബേൽ ജേക്കബ്, പ്രസിഡണ്ട്

പ്രവർത്തന വർഷ രൂപരേഖ അവതരണം
വി.ബി.വി. നായർ, ജന. സെക്രട്ടറി

വിളിച്ചാൽ കേൾക്കുന്ന ഇടം
ദിലീപ്

അങ്കമാലിയുമായി ആത്മ ബന്ധം
ജയറാം

നിഷേധി
ജസ്റ്റിൻ കോടുശ്ശേരി

ഓണം
അജോ ജോസഫ്

കർഷകൻ
കുഴൂർ വിൽസൺ

കാരുണ്യത്തിന്റെ വെട്ടവുമായി ആൻറിയ
ഒ.പി. തോമസ്

നിങ്ങളോടൊപ്പം ഞാനും
ജയസൂര്യ

മാവേലി പൊറുക്കുക
ഷാർളി ബഞ്ചമിൻ

ഓർമ്മകളിലെ ഓണം
വി.ബി.വി. നായർ

ഓണത്തിനിടയിൽ
എം.സി.എ. നാസർ

ആദ്യമായി നാടുകടന്ന മലയാളി
എൽവിസ് ചുമ്മാർ

കേരൾക്കാ ദേശീയ ത്യോഹാർ
റോബിൻ അഗസ്റ്റിൻ

പുലികളിയും റേഷനരിയും ഓണവും
സജി തോമസ്

ഇത്തിത്തി ഉമ്മുമ്മ
കെ.വി. സത്യവതി

ദൈവത്തിന്റെ സ്വന്തം നാട്
നൈജോ എബ്രഹാം









പൂക്കളം
ഓണാഘോഷത്തോടനുബന്ധിച്ച്
യു.എ.ഇ.യിലെ അങ്കമാലി
എൻ.ആർ.ഐ. അസോസിയേഷൻ
പുറത്തിറക്കുന്നത്.

*ചീഫ് എഡിറ്റർ*
**റോയ് സേവ്യർ**

*സബ് എഡിറ്റർ*
**റോബിൻ അഗസ്റ്റിൻ**

*എഡിറ്റോറിയൽ*
ജസ്റ്റിൻ തോമസ്
സൈമൺ അങ്കമാലി

*ഡിസൈൻ*
**സരിത് കുമാർ, കണ്ണൂർ**

*ഡി.ടി.പി.*
**പ്രേം രാജ്**

*സാങ്കേതിക സഹായം*
**എക്സോഡസ് മീഡിയ, ദുബായ്**

*മുദ്രണം*
**റെയ്ഡി എമിറേറ്റ്സ്, ദുബായ്**

# E D I T O R I A L

ഏതു വിദേശത്തായിരുന്നാലും വേറിട്ടു നിൽക്കുന്ന മലയാളിയുടെ മനസ്സിൽ ഓണക്കാലത്തിന്റെ പച്ചപ്പ് നിറഞ്ഞു നിൽക്കുന്നു.

നാളികേരത്തിന്റെ നാട്ടിൽ നാടിനും നാട്ടാർക്കും സമൃദ്ധിയും ഐശ്വര്യവും വിളിച്ചോതുന്ന തിരുവോണക്കാലം.

മരങ്ങൾക്കും ചെടികൾക്കും പുല്ലിനു പോലും പൂക്കാലം... കർഷകന്റെ മണ്ണിലും മനസ്സിലും വിളവെടുപ്പു കാലം.

മലയാളക്കരയാകെ ഉത്സവാഘോഷത്താൽ തിമിർക്കുന്ന കാലം.

ഗൃഹാതുരത്വമുണർത്തുന്ന ഈ സ്മരണകളാണ് പൊന്നോണം ആഘോഷിക്കാനൊരുങ്ങുന്ന അങ്കമാലി എൻ.ആർ.ഐ. അസോസിയേഷനിലെ ഓരോ പ്രവാസിയുടെ മനസ്സിലും

മുത്തുകളെപ്പോലെ മനസ്സിന്റെ ചെപ്പിൽ സൂക്ഷിക്കുന്ന ഓർമ്മകൾ കലാരൂപങ്ങൾക്കിവിടെ പുനഃസൃഷ്ടി.

ഓണത്തിന്റെ ആരവം ഗൾഫ് മണ്ണിൽ എത്തിക്കുന്നതോടെ പ്രവാസ കാലം ഈ നന്മയെ നഷ്ടപ്പെടുത്തിട്ടില്ലെന്ന് നമ്മൾ തെളിയിക്കുന്നു...



Roy Xavier
*Chief Editor*

ആശംസകളോടെ...



ചീഫ് എഡിറ്റർ






**2000** ദിർഹമിനോ
അതിന് മുകളിലോ
സ്വർണാഭരണങ്ങൾ
വാങ്ങുമ്പോൾ

ഒരു കസവുസാരി
തികച്ചും
**സൗജന്യം**



**3500** ദിർഹമിനോ
അതിന് മുകളിലോ
സ്വർണാഭരണങ്ങൾ
വാങ്ങുമ്പോൾ

ഒരു കസവുസാരിയും
കസവുമുണ്ടും
തികച്ചും
**സൗജന്യം**



SKY JEWELLERY
WORLD CLASS PURITY & TRUST

**DUBAI - GOLD SOUQ MAIN STREET** 2353334 **GOLD CENTRE** 2253734 **KARAMA CENTRE** 3356970 **BUR DUBAI** 3599150 **ABU DHABI - DELMA CENTRE** 6341141 **SHARJAH - ROLLA** 5624646
**DOHA - SOUQ MURJAN** 4411802 **SOUQ FALEH** 4412600 **SOUQ HAMAD** 4434145 **MUSCAT - RUWI HIGH STREET** 24832548 **E-MAIL -** INFO@SKYGROUP.ORG **WEB -** www.skyjewellery.com



ബിജു ആബേൽ ജേക്കബ്
പ്രസിഡണ്ട്

# ഐക്യത്തിന്റെ മഹാഘോഷത്തിലേക്ക്

# സ്വാഗതം

ഓണത്തിന്റെ നന്മയിൽ നാം വീണ്ടും ഒന്നിക്കുന്നു. എന്നാൽ നമുക്കിവിടെ ഓണസമൃദ്ധി അന്യമാണ്. തുമ്പപ്പൂവും മുക്കുറ്റിയും ഇല്ല. മുറ്റത്തെ പൂക്കളവും ഓണത്തപ്പനും പൂവിളിയുമില്ല, ഗൾഫിന്റെ മണ്ണിൽ നമുക്കുള്ളത് ഓർമ്മകൾ മാത്രം. പച്ചപ്പിന്റെ നിറവിൽ നാം തീർത്ത ബഹുവർണ്ണപ്പൂക്കളങ്ങൾ. കാട്ടുപൂക്കൾ പറിച്ച് സഞ്ചികളിൽ നിറച്ച് കാടിറങ്ങിയ കാലം. ഓണപ്പൂക്കളമത്സരങ്ങളിൽ പങ്കെടുത്തതിന്റെ ആവേശസ്മൃതി. പുലികളി, കുടംതല്ലൽ, വടംവലി, ഓണസദ്യ – നാട്ടിലെ ഓണക്കാലത്തിന്റെ സജീവമായ ഓർമ്മ മാത്രം മതി മരണംവരെയും ഓണത്തെ നമ്മിൽ സൂക്ഷിക്കുവാൻ.

ഗൾഫിൽ വാണീടും കാലം അങ്കമാലിക്കാരെല്ലാരും ഒന്നുപോലെ. ഇവിടെ, യു.എ.ഇ. യിലുള്ള അങ്കമാലിക്കാരെ സംബന്ധിച്ച് ഐക്യത്തിന്റെ മഹാ ആഘോഷമാണ് നമ്മുടെ ഓണം കൂട്ടായ്മ. കഴിഞ്ഞ വർഷത്തെ നമ്മുടെ പ്രഥമ ഓണാഘോഷത്തിന്റെ സ്മരണ എല്ലാവരിലും നിറഞ്ഞു നിൽപ്പുണ്ട്. ഗംഭീരം എന്നു വിശേഷിപ്പിക്കാവുന്ന നിലയിൽ തന്നെ 2006ലെ ഓണാഘോഷം സംഘടിപ്പിച്ചു. സി.കെ. സൈമൺ, റോബിൻ അഗസ്റ്റിൻ, ഒ.പി. തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള സമിതിയുടെ പ്രവർത്തനത്തെ അഭിനന്ദനപൂർവ്വം ഓർക്കുന്നു. കഴിഞ്ഞ കാലത്തിന്റെ വിജയമുദ്രകളാണ് ആവേശത്തോടെ വിപുലമായ പ്രവർത്തനങ്ങൾ ഒരുക്കുവാൻ പ്രേരണ പകരുന്നത്.

നന്മയെ തിരിച്ചറിയുവാനും തിരിച്ചറിഞ്ഞ നന്മയെ സ്വീകരിക്കുവാനുമുള്ള വൈഷമ്യത ആധുനികതയുടെ പ്രധാന പ്രതിസന്ധിയാണ്. ഇവിടെയാണ് നാം ഓണം എന്ന മഹാനന്മക്ക് ഗൾഫ് മണ്ണിൽ പുനർജീവനം നൽകുന്നത്. ഗൾഫിലെ നമ്മുടെ പുതിയ തലമുറയെ സംബന്ധിച്ച് പൂർവ്വികരുടെ 'ഹാർവെസ്റ്റ് ഫെസ്റ്റിവൽ' മാത്രമാകാം ഓണം. അല്ലെങ്കിൽ അമ്മ നിർബ്ബന്ധിച്ച് കസവുകോടിയുടുപ്പിക്കുന്ന ദിനം. കേരളത്തിൽ പട്ടിണി അനുദിന ജീവിതത്തിന്റെ ഭാഗമായിരുന്ന ഒരു കാലമുണ്ടായിരുന്നു. പരിഭവത്തിന്റെ ഈ ദിനങ്ങൾക്ക് ഓണമെന്നത് വലിയ പ്രതീക്ഷയായിരുന്നു. ഒരു നല്ല കോടി മുണ്ടുടുക്കുവാനും നിറവുള്ള ഭക്ഷണം കഴിക്കുവാനും അന്ന് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. പണ്ഡിതനും പാമരനും ജന്മിയും അടിയാളനുമൊക്കെ ഒരേ കുത്തരി ചോറുണ്ണുകയും ഒരേ സാമ്പാറും ഒരേ കാളനും ഒരേ പായസവുമൊക്കെ ഒരു വേദിയിൽ പങ്കിടുന്ന ഐക്യത്തിന്റെ ദിനം. എല്ലാ മനുഷ്യരേയും ഒരുപോലെ കാണുവാനും രാജ്യത്ത് കള്ളവും ചതിയും ഇല്ലാതെ നന്മ പടർത്തുവാനും കഴിഞ്ഞ മഹാബലിയെന്ന ഭരണാധികാരിയുടെ നന്മയുടെ പ്രതീകമായ ഓണത്തിന്റെ യഥാർത്ഥ സന്ദേശം ഉത്തരവാദിത്വത്തോടെ പുതുതലമുറക്ക് കൈമാറുവാനുള്ള കടമ നമുക്കോരോരുത്തർക്കുമുണ്ട്. അങ്കമാലി എൻ.ആർ. ഐ. അസോസിയേഷന്റെ ഈ ഓണകൂട്ടായ്മ അതിനുള്ള അവസരം കൂടിയാകട്ടെ.

ആഘോഷത്തിന്റെ ഓർമ്മകളും പ്രതീക്ഷകളും പങ്കിടുമ്പോഴും നമ്മുടെ നാടിന്റെ ദുരിതാവസ്ഥയുടെ യാഥാർത്ഥ്യത്തിനു നേരെ നമുക്ക് കണ്ണടയ്ക്കാനാവില്ല. ഈയിടെ കുറച്ച് ദിവസങ്ങൾ നാട്ടിൽ പോയ എനിക്ക് കേരളം പനിപിടിച്ച് മുടന്തുന്നതാണ് കാണുവാൻ സാധിച്ചത്. ഒരു ദുരന്തം എന്നു തന്നെ ഉറപ്പിച്ചു പറയാവുന്ന നിലയിൽ പനി പടർന്നുപിടിച്ചിരിക്കുന്നു. പല പേരുകളിൽ അറിയപ്പെടുന്ന പകർച്ചപ്പനി ഒരാളിൽ നിന്നും അപഹരിക്കുന്നത് ചുരുങ്ങിയത് രണ്ടുമാസത്തെ പ്രവർത്തനശേഷിയാണ്. പനി ജീവനെടുത്ത ഒരുപാട് സംഭവങ്ങൾ വേറെ. സജീവമായിരുന്ന കവലകളിൽ നേരംപോക്കിനായി ഇന്നാരെയും കാണുവാനില്ല. ബസുകളിലും ചായക്കടകളിലും തിരക്കില്ല. ആശുപത്രികളിലും, ശവപ്പെട്ടിക്കടകളിലും മാത്രം വലിയ തിരക്ക് അനുഭവപ്പെടുന്നു. കോട്ടയത്ത് ശവപ്പെട്ടി കിട്ടാതെ വന്ന പ്രശ്നം ഓർക്കുക. ആരോ കൊണ്ടിട്ട വൈറസാണെന്നും ആധുനികതയുടെ പിറകെ എല്ലാം മറന്നുള്ള ഓട്ടത്തിന് നൽകുന്ന മറുപടിയാണിതെന്നുമൊക്കെയുള്ള കഥകൾ പരക്കുന്നു. പക്ഷേ ഉറവിടം കണ്ടെത്തുവാനോ, ഈ ദുരിതത്തിനെ പ്രതിരോധിക്കുവാനോ ഉത്തരവാദിത്വപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല. ഓണത്തിന്റെ പേരിൽ പുതുവസ്ത്രം നാം അണിയുമ്പോഴും തൂശനിലയിൽ രുചിയേറിയ സദ്യ നുണയുമ്പോഴും പാദറ്റം വരെ നീരുമായി വീടിനകത്ത് പനി പിടിച്ചിരിക്കുന്ന കാരണവന്മാരേയും സഹോദരങ്ങളേയും നമുക്കോർക്കാം. വിപുലമായ ഈ ആഘോഷം ഗൾഫിൽ സംഘടിപ്പിക്കുകയെന്നത് വലിയൊരു സാഹസമാണ്. ഈ സാഹസം വിജയിക്കുന്നത് ഒട്ടനവധിപേരുടെ സഹായങ്ങൾകൊണ്ടാണ്. സുമനസ്സുകളുടെ പിന്തുണക്ക് നന്ദി. ഓണാശംസകളും അഭിവാദ്യങ്ങളും...

# പ്രവർത്തനവർഷരൂപരേഖ എന്ത്? എന്തിന്?

സ്നേഹം നിറഞ്ഞവരേ,

ഗൾഫ് മലയാളികളുടെ ശക്തിയാണ് പ്രാദേശിക കൂട്ടായ്മകൾ. ആറ് ഗൾഫ് രാജ്യങ്ങളിലായി നൂറുകണക്കിന് പ്രാദേശിക മലയാളി കൂട്ടായ്മകൾ പ്രവർത്തിക്കുന്നുണ്ട്.

ഇതാദ്യമാകാം ഒരു ഗൾഫ് മലയാളി കൂട്ടായ്മ ഒരു പ്രവർത്തന വർഷരൂപരേഖ പുറത്തിറക്കുന്നത്. പ്രവാസി അങ്കമാലിക്കാരുടെ ഈ പ്രസ്ഥാനം പ്രവർത്തിക്കുന്നത് വ്യക്തമായ ലക്ഷ്യബോധത്തിന്റെ അടിസ്ഥാന ത്തിലാണ്. മൂന്ന് കാര്യങ്ങൾക്ക് ഞങ്ങൾ പ്രത്യേകം ഊന്നൽ നൽകുന്നു. 1) പ്രവാസിഭൂമിയിലെ അങ്കമാലിക്കാരെ കോർത്തിണക്കി പാരസ്പര്യത്തിന്റേയും, സ്നേഹത്തിന്റേയും സഹായത്തിന്റേയും വേദി തീർക്കുക. 2) അംഗങ്ങൾക്ക് ഇൻഷൂറൻസും ക്ഷേമനിധിയും രൂപീകരിക്കുക. 3) അങ്കമാലി പ്രദേശത്തി ന് ആവശ്യമായ ഒരു വൻകിട നിക്ഷേപ പദ്ധതി ആലോചിക്കുകയും ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ നടപ്പാക്കുകയും ചെയ്യുക. ഈ മൂന്ന് കാര്യങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾതന്നെ നാട്ടിൽ ജീവകാരുണ്യപ്രവർത്തനങ്ങൾ സജീവമാക്കാനും സമൂഹത്തിന്റെ പൊതുആവശ്യങ്ങളിൽ സഹായഹസ്ത മാകാനും ഞങ്ങൾ പ്രതിജ്ഞാബദ്ധമാണ്. രണ്ടുവർഷം മുമ്പാണ് അങ്കമാലി എൻ.ആർ.ഐ. അസോസിയേഷൻ രൂപം കൊണ്ടതെങ്കിലും ശൈശവാവസ്ഥ മറികടക്കുവാൻ നമുക്കായി.

അങ്കമാലി എൻ.ആർ.ഐ. അസോസിയേഷൻ ഈ വർഷം പദ്ധതിയിടുന്ന വിവിധ പ്രവർത്തനങ്ങളാണ് ഇനിയുള്ള പുറങ്ങളിൽ വിശദമായി കുറിച്ചിരിക്കുന്നത്. ഇത്തരമൊരു രൂപരേഖ സമഗ്രമായി തയ്യാറാക്കിയിരിക്കുന്നത് നമ്മുടെ ലക്ഷ്യ ബോധത്തിന് കൂടുതൽ ഊന്നൽ നൽകും. കൂട്ടായ്മയുടെ യാഥാർത്ഥ്യത്തിലേക്കും ശക്തിയിലേക്കും ഉയരുവാൻ ഇതിലെ പ്രവർത്തനങ്ങൾ സഹായകരമാകും. ഭാരവാഹികൾ, നിർവ്വാഹക സമിതിയംഗങ്ങൾ തുടങ്ങിയവർക്കപ്പുറം നമ്മുടെ സംഘടനയിലെ ഓരോ അംഗങ്ങളും ഓരോ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുവാനും വിജയിപ്പിക്കുവാനുമായി മുന്നോട്ടിറങ്ങണം.

സംഘടിക്കുവാനും പാരസ്പര്യത്തിന്റെ വേദി തീർക്കുവാനും നമ്മുടെ നാട് അങ്കമാലി പ്രശസ്തമാണ്. ഗൾഫിന്റെ പ്രവാസഭൂമിയിലും നമുക്കീ ചരിത്രം ആവർത്തിക്കണം. അഭിമാനപൂർവ്വം ഈ രൂപരേഖ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,
വി.ബി.വി. നായർ
ജനറൽ സെക്രട്ടറി



# പ്രവർത്തനവർഷരൂപരേഖ
# 2007 ജൂൺ – 2008 ഏപ്രിൽ

**2007 ജൂൺ**

- മെമ്പർഷിപ്പ് ക്യാംപെയിൻ ആരംഭം
- നിർവ്വാഹക സമിതിയോഗം

**ജൂലൈ**

- വെബ്സൈറ്റ് രൂപീകരണം
- ഹെൽപ് സെൽ രൂപീകരണം
- നിർവ്വാഹകസമിതി യോഗം
- മെമ്പർഷിപ്പ് ക്യാംപെയിൻ തുടർച്ച

**ആഗസ്റ്റ്**

- ഓണാഘോഷം
- ഓണം സപ്ലിമെന്റ് റിലീസ്
- വെബ്സൈറ്റ് ഉദ്ഘാടനം
- ജീവകാരുണ്യഫണ്ട് ശേഖരണം
- ജോബ് സെൽ ആരംഭം
- ഹെൽപ് സെൽ ആരംഭം
- നിർവ്വാഹകസമിതിയോഗം
- മെമ്പർഷിപ്പ് ക്യാംപെയിൻ സമാപനം

**സെപ്റ്റംബർ**

- ഇൻവെസ്റ്റ്മെന്റ് ഫോറം രൂപീകരണം
- അങ്കമാലിയിൽ സമഗ്ര എൻ.ആർ.ഐ. സർവ്വേക്കുള്ള ഒരുക്കങ്ങൾ
- നിർവ്വാഹകസമിതി

**ഒക്റ്റോബർ**

- ഇഫ്താർ സംഗമം
- ജീവകാരുണ്യ ഫണ്ട് വിതരണോദ്ഘാടനം
- ഇൻവെസ്റ്റ്മെന്റ് ഫോറം യോഗം
- നിർവ്വാഹകസമിതിയോഗം

**ഡിസംബർ**

- വിദേശ–മറുനാടൻ അങ്കമാലി കൂട്ടായ്മകളുമായി സഹകരിച്ച് അങ്കമാലിയിൽ സമഗ്ര എൻ.ആർ.ഐ. സർവ്വേ
- വനിതാ സെൽ രൂപീകരണം
- നിർവ്വാഹകസമിതിയോഗം

**ജനുവരി**

- നവവൽസര സംഗമം
- സ്റ്റേജ് ഷോ
- ക്ഷേമനിധിക്ക് ആരംഭം
- നിർവ്വാഹകസമിതിയോഗം

**ഫെബ്രുവരി**


- മെമ്പേഴ്സ് ഡയറക്ടറി പ്രകാശനം – ദുബായ്
- നിർവ്വാഹകസമിതിയോഗം


**മാർച്ച്**

- അങ്കമാലിയിൽ മേഖലയിലെ മുൻ പ്രവാസികളുടെ സമ്മേളനവും, എക്സ് പ്രവാസി ഫോറത്തിന്റെ രൂപീകരണവും
- അങ്കമാലിയിൽ പ്രവാസി ഹെൽപ്പ് സെന്ററിന് ആരംഭം
- മെമ്പേഴ്സ് ഡയറക്ടറിയുടെ പ്രകാശനം അങ്കമാലിയിൽ

**ഏപ്രിൽ**

- നിർവ്വാഹക സമിതി
- പ്രവർത്തനവർഷ സമാപന സമ്മേളനം
- ജനറൽബോഡി
- പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്





NELLARA ®
FOOD PRODUCTS
മനസ്സ് നിറയുന്നു, മഹോത്സവങ്ങളിൽ
മലയാളത്തിന്റെ സ്വന്തം സ്വാദിനോടൊപ്പം.
A PRODUCT OF ROSE FLOWER
asiavision
Marketed by:
Atiq Abdulla Flour Mill (LLC)
P.O. Box- 19370, Dubai, UAE, Tel: +971 4 3204771, +971 4 2712847
Fax: +971 4 3204797, +971 4 2730222
e-mail : nellara@emiretes.net.ae, www.nellara.com

# ഓണത്തിനിടയിൽ

## കർഷകവിലാപം, പ്രകൃതി വിലാപം



എം.സി.എ. നാസർ

കർഷകന്റെ കണ്ണീർ വീണ മണ്ണിനെ സാക്ഷി നിർത്തിയാണ് നമ്മുടെ ഓണം. കേരളത്തിൽ മാത്രം രണ്ടു വർഷത്തിനുള്ളിൽ നൂറിലേറെ കർഷക ആത്മഹത്യകൾ നടന്നു. ആന്ധ്രയിൽ ആത്മഹത്യ ചെയ്യുന്ന കർഷകർ വാർത്ത പോലുമല്ലെന്നു വന്നിരിക്കുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളും ഇതിൽനിന്ന് വിഭിന്നമല്ല.

മണ്ണും, തെങ്ങും ചതിക്കില്ലെന്നു വിശ്വസിച്ച ഒരു കാലമുണ്ടായിരുന്നു. അത് പോയ്മറഞ്ഞു. രണ്ടും ചതി തുടരുകയാണ്. കാർഷിക ഇന്ത്യയ്ക്ക് വേണ്ടി വൻതുക നീക്കിവെക്കുമെന്ന് സ്വാതന്ത്ര്യദിനനാളിൽ പ്രധാനമന്ത്രി മൻമോഹൻസിങ്ങ് പറഞ്ഞു. ഇതുകൊണ്ട് പ്രശ്നം തീരുന്ന ലളിതമായ പ്രശ്നമല്ലിത്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയ സമീപനങ്ങളാണ് കാർഷിക ഇന്ത്യയുടെ തകർച്ചക്ക് ആക്കം കൂട്ടിയത്. ഇതിന് തുടക്കം കുറിച്ചതിന്റെ പേരിലാണ് ഇന്ത്യയിലെ മുഖ്യധാരാ മാധ്യമങ്ങളും വരേണ്യ വർഗവും മുമ്പ് മൻമോഹൻ സിങ്ങിനെ പാടിപ്പുകഴ്ത്തിയത്. ഉദാരവത്കരണത്തിന്റെ മാഹാത്മ്യങ്ങളായിരുന്നു റാവുവിന്റെ കാലത്ത് ധനമന്ത്രി പദത്തിലിരിക്കെ, മൻമോഹൻ സിംഗിൽ നിന്നും നാം കേട്ടതത്രയും. അന്ന് അമേരിക്കയുടെ മാതൃകയിലുള്ള മുന്നേറ്റമാണ് ഇന്ത്യക്ക് അഭികാമ്യമെന്ന് നനുത്ത ശബ്ദത്തിൽ മൻമോഹൻ സിംഗ് പറഞ്ഞുവെച്ചു. ടാറ്റയും ബിർളയും ഉൾപ്പെടെ സമ്പന്ന വർഗ്ഗം അതിന് കൈയൊപ്പ് ചാർത്തി. ഗ്രാമങ്ങളും കർഷകനും അപ്പോൾ പ്രശ്നമായില്ല. ഇറക്കുമതി നയം ഉദാരമാക്കിയതോടെ പുറം രാജ്യങ്ങളിൽ നിന്നുള്ള ചാരുതയാർന്ന ഉൽപന്നങ്ങളുടെ മായാലഹരിയിൽ അമർന്നൊടുങ്ങുകയായിരുന്നു നമ്മുടെ നാടൻ ഉൽപന്നങ്ങൾ. ആഭ്യന്തര വിപണിയിലെ മിക്ക ഉൽപ്പന്നങ്ങളുടെയും കഥ കഴിച്ചു. പിടിച്ചു നിൽക്കാൻ കഴിയാതെ പല കർഷകരും ഭൂമിയിൽനിന്നു വിട്ടുനിന്നു.

ചെലവ് കുറഞ്ഞ, കൂടുതൽ ലാഭമുള്ള കാര്യങ്ങൾക്കായി ഭൂമിയിൽ ഏറിയകൂറും മാറ്റിവെക്കപ്പെട്ടു. റിയൽ എസ്റ്റേറ്റ് ലോബിയുടെ നിയന്ത്രണം ശക്തമായി. മുറിച്ചു വിറ്റുള്ള ലാഭസാധ്യതയിൽ പലരും എളുപ്പം പണം കൊയ്തു. പുതിയൊരു സമ്പന്നവർഗ്ഗം തന്നെ ഇതിലൂടെ പിറവി കൊണ്ടു. ലാന്റ് ബാങ്ക് മാഫിയ എന്നു പറഞ്ഞ് മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദൻ ഇവരെയിപ്പോൾ പരിഹസിക്കുന്നു. പാവങ്ങൾക്ക് ഒരു തുണ്ട് ഭൂമിയെന്ന അവകാശം നിഷേധിക്കപ്പെടുകയും ഏക്കർ കണക്കിന് ഭൂമി വാങ്ങിക്കൂട്ടി റിയൽ എസ്റ്റേറ്റ് വ്യാപാരം പൊടിപൊടിക്കുകയും ചെയ്യുന്നതിന്റെ വൈരുധ്യത്തെ തുറന്നെതിർക്കാൻ മുഖ്യമന്ത്രിയുടെ പാർട്ടി പോലും തയാറല്ല എന്നിടത്താണ് ദുരന്തം. കേരളത്തിലേക്കു വന്ന വൻ ഗൾഫ് പണത്തിന്റെ വഴിയിൽ തന്നെയാണ് ഇതിന്റെയും അവസ്ഥ. കുറെ വന്നു ചേർന്നു. ഒട്ടും ഉൽപാദനപരമല്ലാത്ത വഴികളിലേക്ക് അതൊക്കെയും പോയി. ഇനി അതേക്കുറിച്ച് ആലോചിച്ചിട്ടുകാര്യമില്ല.

ഗ്രാമങ്ങളുടെ നിലവിളി ആരെയും വേദനിപ്പിക്കുന്നു. ഇന്ത്യയുടെ ആത്മാവ് കുടി കൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നത് സ്വാതന്ത്ര്യദിനത്തിൽ രാഷ്ട്രീയപ്രസംഗങ്ങൾക്കുള്ള പതിവു ചേരുവ മാത്രം. എന്തിന് രാഷ്ട്രീയക്കാരെമാത്രം കുറ്റം പറയണം? ബ്യൂറോക്രസിയും ജുഡീഷ്യറിയും ഈ വർഗത്തോട് നീതി കാണിച്ചില്ല. കോഴിക്കോട്ടെ മലയോരഗ്രാമമായ കക്കാടം പൊയിൽ കടംകയറി വഴിയാധാരമായ ഒരു മണ്ണിന്റെ പ്രതീകമാണ്. ബാങ്കിൽനിന്ന് ലോണെടുത്തതിന്റെ തീരാത്ത ഖേദമാണ് ഒരു തലമുറ ഇവിടെ അനുഭവിച്ചു തീർക്കുന്നത്. ജപ്തി ഭീഷണിയിൽ കഴിയുന്ന എത്രയോ ഗ്രാമങ്ങൾ ഇന്ത്യയിൽ പിന്നെയും കാണാം. മാധ്യമങ്ങളും കുറ്റകരമായ നിസ്സംഗതയിലാണ്. ഗ്രാമങ്ങളുടെ ഉള്ളകങ്ങളിലെ നോവുകൾ പകർത്തി വെക്കാൻ ഒരു സായ്നാഥ് എന്ന മാധ്യമ പ്രവർത്തകൻ മാത്രം. നഗരവത്ക്കരണത്തോടുള്ള ആസക്തി മാത്രമല്ല. നഗരകാഴ്ചകൾ മാത്രമാണ് വാർത്തയെന്നാണ് ഭൂരിഭാഗം മാധ്യമങ്ങളും വിധിയെഴുതിയിരിക്കുന്നത്. പരിസ്ഥിതിയോടുള്ള നമ്മുടെ സമീപനവും ഇവിടെ ചോദ്യം ചെയ്യപ്പെടുകയാണ്. വികസനത്തിന്റെ ആസക്തിയിൽ മണ്ണിന്റെയും മനുഷ്യരുടെയും നൈതികതയാണ് ചോദ്യം ചെയ്യപ്പെടുകയാണ്. ഭൂമിയുടെ അവകാശികൾ എന്ന ബഷീറിയൻ ലോക വീക്ഷണത്തിന്റെ പൊരുൾ കണ്ടെത്താൻ കഴിഞ്ഞില്ല. എല്ലാ ഘടനകളും ചോദ്യം ചെയ്യപ്പെടുകയായിരുന്നു. വരണ്ടുണങ്ങിയ പുഴകളും തകർത്തെറിയപ്പെട്ട ജൈവജാലങ്ങളും നമ്മുടെ ഭ്രാന്തുപിടിച്ച ആസക്തിയുടെ പ്രതീകങ്ങളായി നിൽക്കുന്നു. നമ്മുടെ ദുരയുടെ ദുരന്ത സാക്ഷ്യങ്ങളാണിവ അനുഭവിച്ചു തീർക്കാതെ രക്ഷയില്ല. ■





പ്രിയപ്പെട്ടവരെ...
ഓണത്തിന്റെ
എല്ലാ സൗഭാഗ്യങ്ങളും
ആശംസകളും
നേരുന്നു.
വിളിച്ചാൽ വിളികേൾക്കുന്ന
സ്ഥലമാണ് എനിക്ക്
അങ്കമാലി
ആലുവയിൽനിന്ന്
അത്ര ദൂരമേ ഇവിടേക്കുള്ളു.
ഒരുപാടു സുഹൃത്തുക്കൾ
ബന്ധുക്കൾ, സഹപ്രവർത്തകരൊക്കെ
ഈ പ്രദേശത്തെനിക്കുണ്ട്.
ദുബായിൽ രൂപപ്പെട്ട
അങ്കമാലി എൻ.ആർ.ഐ.
അസോസിയേഷൻ
സംഘടിപ്പിക്കുന്ന
ഓണാഘോഷപരിപാടികൾക്ക്
സ്നേഹപൂർവ്വം
ആശംസകൾ നേരുന്നു.
ഗൾഫിന്റെ ജോലിതിരക്കുകൾക്കിടയിൽ
ഇങ്ങനെയൊക്കെ ഒത്തുചേരാൻ
സാധിക്കുന്നത്
സൗഭാഗ്യമാണ്. ഈ കൂട്ടായ്മ എന്നും
വിജയപൂർവ്വം നിലനിൽക്കട്ടെ

ഓണാശംസകളോടെ
സ്വന്തം
ദിലീപ്.


സന്തോഷപ്രദമായ ഓണം JRG നേരുന്നു...

JRG
|Capital Benefits|™

We Offer : Online Commodity Futures & Options Trading

Mobile Trading • Internet Trading • Indoor Trading Terminals

Please Contact:

JRG METALS & COMMODITIES DMCC
P.O. Box: 58124, Tel: +971 4 3327280, Fax: +971 4 3327281
Suite No. 503, City Tower - 1, Sheikh Zayed Road

Website: www.jrg.co.in
Email: jrg@jrgmiddleeast.ae



– ജസ്റ്റിൻ കോടുശ്ശേരി

# നിഷേധി

അകത്തളങ്ങളിൽനിന്ന് തിരുവാതിരപ്പാട്ടു കേട്ടാണ് കണ്ണുതുറന്നത്. ഉച്ചയുറക്കം പതിവുള്ളതല്ല. പ്രായം മനസ്സിനേയും ശരീരത്തേയും ഒരുപോലെ ബാധിച്ചിരിക്കുന്നു. അതിഥികളായ വിദേശികൾക്കായി അടുത്തുള്ള നൃത്തവിദ്യാലയത്തിൽനിന്നാണ് തിരുവാതിരക്കളി ഏർപ്പാട് ചെയ്തിരിക്കുന്നത്. കാസറ്റായതിനാൽ പാട്ടിന് പഴയ ഈണവും തനിമയും തോന്നുന്നില്ല. എങ്കിലും അത് മനസ്സിനെ ഏറെ പുറകോട്ട് കൊണ്ടുപോയി.

പണ്ടും ഓണക്കാലമായാൽ പാട്ടും കളികളും സദ്യവട്ടങ്ങളും കൊണ്ട് ബഹളമയമാണ് തറവാട്. ഓണത്തിന് അടുത്ത ബന്ധമുള്ള എല്ലാവരും തറവാട്ടിലെത്തണമെന്നതാണ് അച്ഛന്റെ നിർദ്ദേശം. പഴയ നാട്ടുമുറപ്രകാരം അച്ഛന്റെ പെങ്ങളായിരുന്നു തറവാട്ടിൽ താമസിക്കേണ്ടിയിരുന്നത്. എന്നാൽ അച്ഛൻ തന്നെ ഇവിടെ താമസിക്കണമെന്നുള്ളത് മുത്തച്ഛന്റെ നിർബ്ബന്ധമായിരുന്നുവത്രേ. അതുകൊണ്ട് കൂടിയാകാം അപ്പച്ചിമാരും അമ്മാവൻമാരുമെല്ലാം ഓണത്തിന് ഇവിടെത്തന്നെ കൂടണമെന്ന് അച്ഛൻ ശഠിച്ചത്. അത്തം മുതൽ ഓണം വരെയുള്ള ദിവസങ്ങളെല്ലാം ആഘോഷത്തിന്റെ പൊടിപൂരം തന്നെ.

ഓണനാളിൽ ഓണപ്പുടവ കൊടുക്കലും ഓണക്കാഴ്ചയുമെല്ലാം കഴിയുമ്പോൾ ഉച്ചയാകും. വിഭവസമൃദ്ധമായ സദ്യകൂടിക്കഴിഞ്ഞാൽ അകത്തളത്തിലിരുന്ന് കുട്ടികൾക്ക് കഥ പറഞ്ഞുകൊടുക്കുക അച്ഛന്റെ പതിവായിരുന്നു. അച്ഛൻ പീഠത്തിലും കുട്ടികൾ താഴെ തഴപ്പായിരുമാണിരിക്കുക. രസകരമായി കഥ പറയാൻ അച്ഛന് ഒരു പ്രത്യേക വൈഭവം തന്നെയുണ്ടായിരുന്നു. അതിനാൽ കുട്ടികൾക്കും കഥ കേൾക്കാൻ ഹരമായിരുന്നു.

അന്ന് ഏറ്റവും കൗതുകം തോന്നിയിരുന്നത് മാവേലിത്തമ്പുരാന്റെ ദാനശീലത്തിന്റേയും പ്രജാവാത്സല്യത്തിന്റേയും കഥകളായിരുന്നു. പിന്നീടെപ്പോഴാണ് എന്തുകൊണ്ട് തന്റെ കാഴ്ച്ചപ്പാടുകൾക്ക് മാറ്റം സംഭവിച്ചത്? അറിയില്ല. സ്വന്തം ആദർശമെന്ന സ്വാർത്ഥതയുടെ പേരിൽ ജീവനുതുല്യം സ്നേഹിച്ചിരുന്ന പ്രജകളെ ഉപേക്ഷിച്ചതിനാലോ, ദാനധർമ്മമെന്ന കപടനാട്യത്തിൽ ഒരു അവിശുദ്ധ ഗൂഢാലോചനയ്ക്ക് മുമ്പിൽ തലകുനിച്ചതിനാലോ എന്തോ മാവേലി തമ്പുരാനോട് പിന്നീടെല്ലാം മനസ്സുനിറയെ അമർഷമാണ് തോന്നിയത്. ഇപ്പോൾ വിദേശശക്തികൾക്കു മുമ്പിൽ സ്വന്തം നാടിനെ വിൽക്കാൻ വെച്ചിരിക്കുന്ന ഭരണകർത്താക്കളോടും തോന്നുന്നത് ഇതേ നീറുന്ന അമർഷംതന്നെ. എല്ലാ വ്യവസ്ഥാപിത ചട്ടവട്ടങ്ങളോടും മനസ്സുനിറയെ നിഷേധമായിരുന്നു.


ചട്ടങ്ങൾ വിട്ട് ഒരടിപോലും ചലിക്കാത്ത ആളായിരുന്നു അച്ഛൻ. പുമുതലേ പറഞ്ഞും പഠിപ്പിച്ചും തന്നതും അങ്ങനെതന്നെ. എന്നിട്ടും ആ അച്ഛന്റെ മോനെന്തേ ഇങ്ങനെ എന്ന് പലരും കുശുകുശുക്കുന്നത് കാതിലെത്തിയിട്ടുണ്ട്. അതെല്ലാം മനസ്സിലെ എതിർപ്പിന്റെ എരിതീയിൽ എണ്ണ വീഴ്ത്തിച്ചിട്ടേയുള്ളു.

അറിവ് വിദ്യാലയത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ നിന്നല്ല നേടേണ്ടതെന്ന വീണ്ടുവിചാരത്താലാകാം പത്താംതരം മുഴുമിച്ചില്ല. പഠിപ്പിൽ എന്നും കേമൻ തന്നെയായിരുന്നു. അച്ഛന്റെ വിപുലമായ പുസ്തകശേഖരവും ഏറെ നാളത്തെ ലക്ഷ്യമില്ലാത്ത ഊരുചുറ്റലും നേടിത്തന്ന അറിവും ലോകപരിചയവും ഒരു ക്ലാസ്സുമുറിയിൽ നിന്നും നേടാനാകില്ലെന്ന് ഇപ്പോഴും ഉറച്ചു വിശ്വസിക്കുന്നു.

അലക്ഷ്യമായ ജീവിതത്തിനിടയിൽ ചെയ്തുകൂട്ടിയവയിൽ ഇപ്പോഴും ശരിയെന്നു തോന്നുന്ന ഒന്ന് അച്ഛന്റെ കുടിയാനായിരുന്ന പത്രോസുമൂപ്പന്റെ മകൾ മേരിയുമായുള്ള കല്യാണമായിരുന്നു. ചട്ടങ്ങളോടുള്ള എതിർപ്പ് കൊണ്ടോ അതോ ആ പാവാടക്കാരിയുടെ കണ്ണിലെ ദൈന്യത കണ്ടിട്ടോ ആ പെൺകുട്ടിയോട് അടുപ്പം തോന്നിയത്? ഏതായാലും പ്രേമം മൂലമല്ലെന്ന് തീർച്ച. അവൾക്ക് എന്നോടു തോന്നിയിരുന്ന വികാരമെന്തായിരുന്നുവെന്ന് ഇതുവരെ ചോദിച്ചിട്ടില്ല. ആ വിവാഹം ആഢ്യത്വമുള്ള ഒരു നായർ സമുദായത്തിന് സഹിക്കാവുന്നതിനപ്പുറമായിരുന്നു.







പ്രിയപ്പെട്ട നാട്ടുകാരെ.
ഓണാശംസകൾ
എനിക്കേറെ ആത്മബന്ധമുള്ള
സ്ഥലമാണ് കാലടിയും അങ്കമാലിയും.
പെരിയാറിന്റെ സൗന്ദര്യം നുകർന്ന്
ആദിശങ്കര പാദസ്പർശത്തിന്റെ
പുണ്യമനുഭവിച്ച് മറ്റൂർ കുന്നിനെ
തഴുകുന്ന ജലം കാറ്റിനോട്
സല്ലപിച്ച് ഒഴുകിയിരുന്ന കാലടി
ശ്രീശങ്കര കോളേജിലെ വിദ്യാഭ്യാസ
കാലഘട്ടം മറക്കാനാവില്ല.
ഗൾഫിൽ, ദുബായിൽ
അങ്കമാലിക്കാരുടെതായ ഒരു
കൂട്ടായ്മ സജീവമായി പ്രവർത്തി
ക്കുന്നതറിഞ്ഞതിൽ
പെരുമ്പാവൂർ കാരനായ എനിക്ക്
ഏറെ സന്തോഷമുണ്ട്.
ഇത്തരം കൂട്ടായ്മകൾ കൂടുതൽ
സ്ഥലങ്ങളിൽ രൂപപ്പെടണം.
ഇതിലൂടെ ഒരുപാട് പേർക്ക്
സഹായമെത്തട്ടെ.
ഓണത്തിന്റെ നന്മകൾ
നേരുന്നു

20.08.07
ചെന്നൈ.

സ്വന്തം

അതോടെ ബന്ധുക്കളെന്ന് പറയാവുന്നവരുമായുള്ള അടുപ്പത്തിന്റെ അവസാനകണ്ണിയുമറ്റു.

കുഞ്ഞുങ്ങളുാവാതിരുന്നത് പിതൃശാപം മൂലമാണെന്നാണ് ആളുകളുടെ ഭാഷ്യം. വീട്ടിൽ എന്നോ വന്നുകയറിയ അനാഥപ്പയ്യനെ സ്വന്തം മകനേപ്പോലെ വളർത്തിയത് മേരിയുടെ ഇഷ്ടപ്രകാരമാണ്. എന്നോ ഒരിക്കൽ അവനെ മകനേ എന്ന് വിളിച്ചുതുടങ്ങിയതും അവളുടെ വിളി കേട്ടാണ്. എന്തൊക്കെയായാലും കലുഷിതമായ മനസ്സിന് അതൊരു കുളിർമ്മ നൽകിയിരുന്നുവെന്നത് സത്യം.

അച്ഛന്റെ കാലശേഷം അവശേഷിച്ച വസ്തുവകകളിൽ ഈ തറവാടൊഴികെ മറ്റെല്ലാം അന്യാധീനപ്പെടുത്തി, പലതും പാവപ്പെട്ട ആവശ്യക്കാർക്ക് വേണ്ടിയായിരുന്നുവെന്നത് ആശ്വാസം. എന്തുകൊണ്ടോ തറവാടു വിൽക്കാനോ പൊളിക്കാനോ തോന്നിയില്ല. അച്ഛന്റെ ഓർമ്മകളോടുള്ള ആദരവാണോ കാരണം. എന്തായാലും അതിപ്പോൾ ഉപകാരത്തിൽ വന്നിരിക്കുന്നു.

ടൂറിസത്തിന്റെ പുതിയ അവതാരമായ ഹോം സ്റ്റേക്കായി വിദേശികൾക്ക് നൽകാമെന്ന ബുദ്ധി പറഞ്ഞുതന്നത് മകൻ തന്നെയാണ്. മടിച്ചിട്ടാണെങ്കിലും സമ്മതിച്ചത് താനും മേരിയും ആർക്കും ഒരു ഭാരമാകരുതെന്ന തോന്നലാണ്. പഴമ നിലനിർത്തിക്കൊണ്ടു തന്നെയാണെങ്കിലും ടോയ്‌ലറ്റും, അടുക്കളയുമെല്ലാം മോടിപിടിപ്പിക്കാൻ സമ്മതിച്ചത് തന്റെ പഴയ സ്വഭാവം മാറിവരുന്നു എന്നതിന്റെ അടയാളമാണെന്നാണ് മകനും അവന്റെ കൂട്ടുകാരും പറയുന്നത്. ടൂറിസത്തിന്റെ അനന്തസാധ്യതകളെപ്പറ്റിയെല്ലാം വാചാലമായി പറയുമ്പോൾ ഒരു തികഞ്ഞ കച്ചവടക്കാരന്റെ വാക്കുകളാണ് അവനിൽ കേൾക്കുന്നത്. ഒരു പക്ഷേ ഏതെങ്കിലും ഒരു വലിയ ബിസിനസ്സുകാരന്റെ രക്തമാകാം അവന്റെ സിരകളിലൂടൊഴുകുന്നത്. തന്റെ കാഴ്ച്ചപ്പാടുകൾക്ക് കടകവിരുദ്ധമാണവയെങ്കിലും അവനോട് മറുത്തൊന്നും പറയാൻ തോന്നുന്നില്ല. എതിർക്കുവാനുള്ള ഊർജ്ജം നഷ്ടപ്പെട്ടതുപോലെ.

ഈയിടെയായി തന്നോടുള്ള സംസാരം തീരെ കുറഞ്ഞിരിക്കുന്നത് തിരക്കുമൂലമാണെന്നാണ് അവൻ പറയുന്നത്. മേരിക്കും തിരക്കുതന്നെ. വീട്ടിലെ അതിഥികളുടെ കാര്യങ്ങളുടെ മേൽനോട്ടവുമായി ഓടിനടക്കുകയാണ് പാവം. തന്നോടുള്ള അടുപ്പം രണ്ടുപേർക്കും കുറഞ്ഞിട്ടുണ്ടോ എന്ന് തോന്നുന്നത് ഒരു പക്ഷേ തന്റെ സ്വാർത്ഥതകൊണ്ടോ, തന്റെ മനസ്സിൽ ഒളിഞ്ഞു കിടക്കുന്ന മേലാളന്റെ മനസ്ഥിതി കൊണ്ടോ ആയിരിക്കാം എന്നു കരുതിയാണ് സമാധാനിക്കാറ്.

ചെണ്ടമേളത്തിന്റെ ശബ്ദമാണ് ഓർമ്മകളിൽ നിന്നും ഉണർത്തിയത്. തായമ്പക വിദേശികൾക്ക് വളരെ ഇഷ്ടപ്പെട്ട ഒരിനമാണ്. നമ്മുടെ നാട്ടിലെ യുവാക്കൾ ജാസിന്റേയും ഫ്യൂഷൻ മ്യൂസിക്കിന്റേയും പുറകേ പായുമ്പോൾ വിദേശികൾ ശുദ്ധ നാടൻ സംഗീതം തേടി ഇങ്ങോട്ടുവരുന്നത് വൈരുദ്ധ്യം തന്നെ. ഏതായാലും കാലങ്ങൾക്ക് ശേഷം ഈ ഓണത്തിന് തറവാട് ശബ്ദമുഖരിതമായിരിക്കുന്നു. അകത്തളത്തിലേയ്ക്ക് ചെന്ന് എല്ലാം കണ്ടാൽ കൊള്ളാമെന്നുണ്ട്. പക്ഷേ എഴുന്നേൽക്കണമെങ്കിൽ ആരുടെയെങ്കിലും സഹായം വേണം. ഒന്നുറക്കെ വിളിച്ചാൽ മതി, വേലക്കാരിൽ ആരെങ്കിലും പറന്നെത്തും. അതെല്ലാം ഏർപ്പാട് ചെയ്തിട്ടുണ്ട് മകൻ. വേണ്ട, അതീ മേളക്കൊഴുപ്പിന് ശല്യമായാലോ. ഇപ്പോളറിയുന്നു, ഒരു പക്ഷേ ഇതേ നിസ്സഹായത തന്നെയാകാം സ്വയം ചവിട്ടിത്താഴ്ത്തപ്പെടാൻ മാവേലിത്തമ്പുരാൻ ശിരസ്സ് കുനിയ്ക്കാനിടയാക്കിയത്. ■

## കവിത

കെ.വി. സത്യവതി

# ഇത്തിത്തി ഉമ്മുമ്മു...

പാളത്തൊപ്പിയണിഞ്ഞിടുന്നുതലയിൽ
മേളത്തിൻ നൽഭംഗിയിൽ
തോളിൽ വെച്ചുകരുത്തിനാലെ നുകവും
കാളക്കു നൽകൂട്ടുമായ്

നേരേ മോടിയിലോടിടുന്നു വയലിൽ
ഇത്തിത്തിഉമ്മുമ്മുവായ്
ചാലേ പൂട്ടി വിതച്ചിടുന്നു വളവും
വിത്തിന്നു ചേർത്തീടുവാൻ

മണ്ണും കട്ടകളൊക്കെ മുട്ടി നിലമോ
പാങ്ങാക്കി നൽചിട്ടയിൽ
വിത്തൊന്നൊന്നായ് മുള വന്നു ദിനമോ
മാസങ്ങളാകുമ്പൊഴും

ചേലിൽ നൽക്കതിരാൽ വിളങ്ങി വിലസും
പാടങ്ങൾ തൻ ദൃശ്യമോ
പൊന്നിൻകാന്തി തുളുമ്പിടുന്ന നിലയിൽ
നൽവെട്ടമായ് മന്നിതിൽ

കൊയ്ത്തും കെട്ടുമതായ് മെതിച്ചു കുതുകാൽ
നെല്ലൊന്നുകൂമ്പാരമായ്
തൂറ്റിപ്പാറ്റിവെടിപ്പിനാലെ
നിറയും പത്തായമോരോന്നുമായ്.





സ്നേഹമുള്ള അയൽപക്കക്കാരെ,
ഏവർക്കും ഓണാശംസകൾ...
എറണാകുളം ജില്ലയിലെ കടവന്തറയിൽ
താമസിക്കുന്ന എനിക്ക് നിങ്ങളെ
സ്നേഹപൂർവ്വം അയൽപക്കക്കാരെ എന്ന്
അഭിസംബോധന ചെയ്യാം.
സിനിമയിലെത്തും മുമ്പ്
മിമിക്രിയുമായി കഴിഞ്ഞിരുന്ന
കാലഘട്ടത്തിൽ ഇവിടവുമായി
ഒരുപാട് അടുപ്പമുായിരുന്നു.
ആ അടുപ്പം ഇപ്പോഴും തുടരുന്നുണ്ട് .

ഓണം ഒരു നന്മയാണ്.
നിറയുന്ന ഈ നന്മയിൽ അങ്കമാലിക്കാർ
ദുബായിൽ ഒത്തുചേരുന്നത് സന്തോഷകരമായ
അനുഭവമായിരിക്കും. നിങ്ങളോടൊപ്പം
ഓണം ആഘോഷിക്കണമെന്ന്
എനിക്ക് ആഗ്രഹമുണ്ട്.
ഷൂട്ടിങ്ങ് തിരക്കുകൾകൊണ്ട് ഇപ്പോൾ
കേരളത്തിലാണ്. ഒരു വിളിപ്പാടകലെയിരുന്ന്
ഞാനും ഓണമുണ്ണുന്നുണ്ട് നിങ്ങളോടൊപ്പം.
ഐശ്വര്യം, സമാധാനം, സന്തോഷം,
പുരോഗതി ഏവരുടേയും
ജീവിതത്തിൽ നിറയട്ടെ.

സ്നേഹമുള്ള അയൽവാസി
ജയസൂര്യ.


സന്തോഷപ്രദമായ ഓണം JRG നേരുന്നു...

JRG | Capital Benefits |™

We Offer : Online Commodity Futures & Options Trading
Mobile Trading • Internet Trading • Indoor Trading Terminals
Please Contact:
JRG METALS & COMMODITIES DMCC
P.O. Box: 58124, Tel: +971 4 3327280, Fax: +971 4 3327281
Suite No. 503, City Tower - 1, Sheikh Zayed Road
Website: www.jrg.co.in
Email: jrg@jrgmiddleeast.ae



ഷാർളി ബഞ്ചമിൻ
റെസിഡൻന്റ് എഡിറ്റർ, മയൂരി

# മഹാബലി.... പൊറുക്കുക!

ഈ കുറിപ്പ് ഓണത്തെക്കുറിച്ചല്ല. മാവേലി നാടുവാണ കാലത്തിന് ശേഷം നമ്മുടെയൊക്കെ അപ്പന പ്പൂന്മാർ കേരളനാട്ടിൽ ജീവിച്ചിരുന്നു. മാനുഷരെല്ലാരും ഒന്നുപോലെ... കള്ളവും ഇല്ല ചതിയും ഇല്ല.... എന്നൊ ക്കെയായിരുന്നു മാവേലിയുടെ കാലത്തെക്കുറിച്ചുള്ള നമ്മുടെ മിത്ത്. അത്രത്തോളമില്ലെങ്കിലും നമ്മുടെ മുൻ തലമുറയുടെ ഇടയിൽ ഉണ്ടായിരുന്ന സ്നേഹബന്ധ ത്തെയും സഹകരണത്തെയും കുറിച്ചും നമുക്ക് അത് നഷ്ടപ്പെടുന്നതിനെക്കുറിച്ചുമാണ് പറയാൻ ഉദ്ദേശി ക്കുന്നത്. ഇത്തരം ഒരു ചിന്തക്ക് കാരണമായത് അടു ത്തിടെ ഉണ്ടായ ഒരു അനുഭവമാണ്. നമ്മുടെ നാട്ടിൽ നടന്ന സംഭവമാണ്.

ഒരു വല്യപ്പന്റെയും വല്യമ്മയുടെയും കഥയാണ്. മക്കളെല്ലാം നല്ല നിലയിൽ കഴിയുന്നു. ചിലർ വിദേ ശത്താണ്. മറ്റ് ചിലർ തൊട്ടടുത്ത് വേറെ വീടുവെച്ച് ബിസിനസും മറ്റുമായി കഴിയുന്നു. പകർച്ചപ്പനി ബാധിച്ച് മരിക്കുന്നവരുടെ എണ്ണം ഇപ്പോൾ വളരെ ഏറിയിരിക്കു കയാണല്ലോ? പ്രധാന പത്രങ്ങളിലെല്ലാം ചരമക്കോളം നിറഞ്ഞ് മറ്റ് പേജുകളിലേക്കും കവിഞ്ഞിരിക്കുന്നു. കഴിഞ്ഞ ദിവസം നാട്ടിലെ ഒരു പ്രമുഖ പത്രത്തിൽ മൂന്ന് പേജുകളായിരുന്നു ചരമ വാർത്തകൾ!

നേരത്തെ പറഞ്ഞ വല്ല്യപ്പനെയും പനി കൊ ണ്ടുപോയി. പിറ്റേ ദിവസത്തെ പത്രത്തിൽ ചരമ വാർത്തക്ക് പുറമെ മക്കൾ ചിത്ര സഹിതം പരസ്യവും കൊടുത്തിട്ടുണ്ട്. കുടുംബത്തിന്റെ സ്റ്റാറ്റസ് നോക്കണ മല്ലോ? ശവസംസ്കാരം ഉച്ചക്ക് 12 നാണ്.

ദീർഘനാളത്തെ പരിചയത്തിന് ഉപരി അടുത്ത സ്നേഹബന്ധവും ഉള്ളതിനാൽ ദുബായിക്ക് പുറപ്പെ ടുന്നതിന് മുമ്പ് അന്തോപചാരം അർപ്പിക്കാൻ ഈയു ള്ളവനും രാവിലെ എട്ട് മണിയോടെ അവിടെ എത്തി. അന്ന് തന്നെ ദുബായിക്ക് മടങ്ങുന്നതിനാലാണ് രാവിലെ തന്നെ പോയത്. ഇപ്പോൾ മൃതദേഹം മോർച്ചറിയിൽ വെക്കുന്നത് ഫാഷൻ അല്ലാതായിരിക്കുകയാണല്ലോ! നാലു പുത്തൻ കൈയ്യിലുണ്ടെങ്കിൽ മൊബൈൽ മോർച്ചറി നമ്മുടെ വീട്ടിൽ എത്തും! ഗ്ലാസ് കൊണ്ട് മൂടിയ ഈ മോർച്ചറിയിലാണ് ഇപ്പോൾ പൊതുദർശ നത്തിന് വയ്ക്കാറ്. മൃതദേഹം തണുത്ത് വിറച്ച് ഗ്ലാസ് കൂട്ടിനുള്ളിൽ അങ്ങനെ കിടക്കും.

മൃതദേഹം വീട്ടിൽ തന്നെ ഉണ്ടാവും എന്ന ഉറ പ്പിൽ അവിടെ ചെന്നപ്പോൾ വീട് അടഞ്ഞ് കിടക്കുന്നു! കൊട്ടിവിളിച്ചിട്ടും ആളനക്കമില്ല. മരണവീട് മാറിയോ....? ഇല്ല, കുടുംബം ഇതുതന്നെ. ഇനി ദേശീയപാതക്ക് അടുത്തുള്ള മകന്റെ വീട്ടിലേക്ക് മൃതദേഹം മാറ്റിയിട്ടു ണ്ടാകുമോ? ഒരു കാലത്തെ സ്ഥലത്തെ പ്രധാനികളിൽ ഒരാളാണ് മരിച്ചിരിക്കുന്നത്. പള്ളിയിലെ ഭരണസമിതി യിലൊക്കെ എന്നും സജീവം. കൃഷിയിലൂടെ പൊന്നു വിളയിച്ച കർഷകൻ. എല്ലാവർക്കും ഉപകാരി, പ്രിയ പ്പെട്ടവൻ... നാടുകാർക്ക് അദ്ദേഹത്തെക്കുറിച്ച് നല്ലതേ പറയാനുള്ളൂ. അദ്ദേഹത്തെ ഒരു നോക്ക് കാണാതെ മടങ്ങുന്നതെങ്ങനെ! മകന്റെ വീട്ടിലേക്ക് പോകാനായി കാറ് തിരിച്ചു.

അപ്പോൾ അയൽപക്കത്തുനിന്ന് ഒരു സ്ത്രീ ഓടി വന്നു ചോദിച്ചു.

കണ്ടില്ലേ?

ഇല്ല, ഇനി ഇപ്പോൾ മകന്റെ വീട്ടിൽ പോയി കാ ണാം – ഞാൻ പറഞ്ഞു

അല്ല.... ഇതിനകത്തുതന്നെ ഉ്! അടഞ്ഞ വാതിലി ലേക്ക് ചൂണ്ടിക്കൊണ്ട് അവർ പറഞ്ഞു.

വിശ്വസിക്കാനായില്ല... സംശയം തീർക്കാനായി വീണ്ടും കതകിൽ കൊട്ടി വിളിച്ചു.

കുറച്ച് കഴിഞ്ഞപ്പോൾ വല്യമ്മ ഇറങ്ങിവന്നു. മൃതദേഹം സിറ്റിംഗ് റൂമിൽ തണുത്ത് വിറച്ച് അനാഥ മായി ഗ്ലാസ് കൂടുള്ള മൊബൈൽ മോർച്ചറിയിൽ കിട ക്കുന്നു!

മക്കളും ബന്ധുക്കളുമൊക്കെ ഇന്നലെ വന്നിരു ന്നു. ഇന്ന് ഇനി പള്ളീലോട്ട് എടുക്കാൻ നേരം വരും. പള്ളിക്കാരും നാട്ടുകാരുമൊക്കെ ഇന്നലെ കുറേ നേ രത്തേയ്ക്ക് വന്നിരുന്നു. പിന്നെ അവരും പോയി...! ഞാൻ കുറെ നേരം ഒറ്റക്ക് സങ്കീർത്തനം വായിച്ചിരു ന്നു. പിന്നെ അറിയാതെ മയങ്ങിപോയി... വല്ല്യമ്മ പറ ഞ്ഞു.



ദൈവമേ.... നമ്മുടെ നാടിന്റെ പോക്ക് എങ്ങോട്ടാണ്! അറിയാതെ പറഞ്ഞുപോയി.

നമ്മുടെ നാട് മാവേലിയുടെ കാലത്തു നിന്നും നമ്മുടെ മാതാ–പിതാക്കന്മാരുടെ കാലത്തു നിന്നും ഒത്തിരി... ഒത്തിരി മാറിയിരിക്കുന്നു.

ആർക്കും ഒന്നിനും സമയമില്ല. എല്ലാവരും എന്തിനൊക്കെയോ വേണ്ടി പരക്കം പായുന്നു. നമ്മുടെ നാട്ടിലെ ഐക്യവും സഹകരണവുമൊക്കെ എവിടെ പോയി? പണ്ടൊക്കെ ഒരു മരണം നടന്നാൽ ഒരു നാടു മുഴുവൻ അവിടെയുണ്ടാവും. നേരം വെളുക്കുന്നതുവരെ അതാത് മതാചാരപ്രകാരമുള്ള പ്രാർത്ഥനകളും പാട്ടുകളും മറ്റും നടക്കും. വരുന്നവർക്ക് വിശപ്പടക്കാൻ കഞ്ഞി ഒരുക്കികൊടുക്കും. രാത്രി പുലരുന്നത് ആരും അറിയില്ല. കട്ടൻകാപ്പിയും മറ്റുമായി



കണ്ണടക്കാതെ അവർ മൃതദേഹത്തിന് കൂട്ടിരിക്കും. കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാൻ നിരവധി പേർ ഒപ്പമുാകും.

പ്രജകൾ ഐക്യത്തോടെയും പരസ്പര സഹകരണത്തോടെയും കഴിയണം എന്ന് ആഗ്രഹിച്ചിരുന്ന ദാനശീലനായ മഹാബലി... പൊറുക്കുക... ഞങ്ങൾ ബിസിയാണ്!

# ഇൻവെസ്റ്റ്മെന്റ് ഫോറം
## പ്രവാസിയുടെ നിക്ഷേപം നാടിന്റെ പുരോഗതി



അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്നാണ് പ്രവാസികളായ നമ്മുടെ നാട്ടുകാർക്ക് പങ്കാളിത്തം നൽകുന്ന ഒരു നിക്ഷേപപദ്ധതി നമ്മുടെ മേഖലയിൽ ആരംഭിക്കുകയെന്നത്. നമ്മുടെ നാടിനാവശ്യമായ, വികസനം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് നാം വിഭാവനം ചെയ്യുന്നത്. ഒപ്പം മണലാരണ്യത്തിൽ വിയർപ്പൊഴുക്കി നാം നീക്കിവെച്ച സമ്പാദ്യത്തിന് പൂർണ്ണ ഉറപ്പും നൽകുന്ന പദ്ധതി.

സമീപഭാവിയിൽ നിശ്ചയിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ പദ്ധതി കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായാണ് ഇൻവെസ്റ്റ്മെന്റ് ഫോറം രൂപീകരിക്കുന്നത്. അസോസിയേഷന്റെ നിയന്ത്രണം ഉണ്ടായിരിക്കുമ്പോൾ തന്നെ ഇൻവെസ്റ്റ്മെന്റ് ഫോറത്തിന് സ്വതന്ത്രമായ പ്രവർത്തനസ്വഭാവമുണ്ടായിരിക്കും. മറ്റു രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന അങ്കമാലിക്കാരേയും ഈയൊരു സംരംഭവുമായി സഹകരിപ്പിക്കുവാനും ഫോറം മുൻകൈയെടുക്കും.



# ഓണം എന്റെ ഓർമ്മകളിൽ...



– വി.ബി.വി. നായർ

പ്രവാസി മലയാളികൾക്ക് ഗൃഹാതുരത്വം ഉളവാക്കിക്കൊണ്ട് ഒരു പൊന്നോണം കൂടി വരവായി..... ഇത്തവണ കേരളത്തിലുളളവർക്ക് ഈ ഓണം അത്ര സുഖകരമായിരിക്കില്ല. നാടുനീളെ പനിയും ദേഹമാസകലം വേദനയും നീരുമൊക്കെയായി മഹാബലി തമ്പുരാന്റെ പ്രജകൾ മുട്ടിലിഴയുകയാണവിടെ. ഓണവും മറ്റു ആഘോഷങ്ങളുമൊക്കെ കൊണ്ടാടുന്നത് കേരളത്തിലല്ല മറുനാട്ടിലാണ്. കേരളീയർ പൊതുവെ ഇപ്പോൾ പഴമയും ആചാരങ്ങളും ആഘോഷങ്ങളുമൊക്കെ മറന്ന മട്ടിലാണ്. പുത്തൻ തലമുറക്ക് നെറ്റിൽ സർഫ് ചെയ്യാനും പ്രകാരം കെ.എഫ്.സി. കഴിക്കാനുമുളള തിരക്കാണ്. ആർക്കാണ് പഴമയോട് താൽപ്പര്യം? പുതുതലമുറക്കാർ പലരും ആചാരങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും അജ്ഞരാണ്. നമ്മളിൽ പലരും പഴമയെക്കുറിച്ചുളള അറിവ് പുതുതലമുറക്ക് പകർന്നുകൊടുക്കാറില്ല എന്നുളളതും ഒരു വസ്തുതയാണ്.

ഓർമ്മകളിലെ ഓണക്കാലത്തെക്കുറിച്ച് ഒട്ടുമിക്കവർക്കും പറയുവാനുളളത് ഓണക്കോടിയുടെ ഗന്ധവും ഓണാഘോഷങ്ങളുടെ വർണ്ണക്കാഴ്ചകളും മറ്റുമായിരിക്കും. എന്റെ ഓർമ്മകളിലെ ഓണത്തിന് ഓണക്കോടിയുടെ സുഗന്ധമോ വർണ്ണക്കാഴ്ചകളോ വരാറില്ല. പകൽ അമ്മയുണ്ടാക്കാറുളള വിഭവസമൃദ്ധമായ, കൊതിയൂറുന്ന ഒരു സദ്യയുടെതാണ്. അതിനുളള പ്രധാനകാരണം വിഭവസമൃദ്ധമായ സദ്യ അക്കാലത്ത് ചുരുക്കം ചില ദിവസങ്ങളിലേ ഉണ്ടാവാറുളളു എന്നുളളതാണ്. ഓണം, വിഷു വിവാഹചടങ്ങുകൾ എന്നിവയൊഴിച്ച് സമൃദ്ധമായ സദ്യ വെറും സ്വപ്നം മാത്രമായിരുന്ന കാലം. അൻപതുകളിലും, അറുപതുകളിലും ഏതാണ്ട് എഴുപതിന്റെ മധ്യം വരെയും കേരളത്തിലെ ശരാശരി കുടുംബങ്ങളിലെ സ്ഥിതി വളരെ മോശമായിരുന്നു. മുഴുപട്ടിണിയും അരപ്പട്ടിണിയുമുളള ദിനങ്ങൾ! അരവയർ നിറയ്ക്കാൻ കൊടുക്കാൻ പാടുപെടുന്ന രക്ഷിതാക്കൾ! ഒരു സാധാരണ കുടുംബത്തിൽ ജനിച്ചുവളർന്ന എന്റെ അവസ്ഥ തുലോം ഭിന്നമായിരുന്നില്ല. ഓണക്കോടിയെന്നുളളത് എന്റെ ഓർമ്മയിലേ ഇല്ല. എങ്ങനെ ഉണ്ടാവാൻ! വർഷത്തിൽ ആകെ ലഭിക്കുന്നത് ഒരു ജോഡി ഉടുപ്പാണ്. അത് പാവം അമ്മ എങ്ങനെയോ സ്കൂൾ തുറക്കുന്നതിനുമുമ്പായി തുന്നിച്ചുതരുമായിരുന്നു. അതുകൊണ്ട് ഒരു അദ്ധ്യയനവർഷം മുഴുവൻ നീക്കണം. തലേവർഷത്തെ നിറം മങ്ങിയ, പിന്നിപ്പോയ ഷർട്ടും ഏതാണ്ട് മൂടുകീറിയ നിക്കറുമാണ് മറ്റുളള ഇട ദിവസങ്ങളിലെ ഏക ആശ്രയം. പിന്നെ വേറൊരു ആശ്വാസമുളളത് അക്കാലത്ത് ഞങ്ങൾ കുട്ടികളിൽ ഒട്ടു മിക്കവരും ഷർട്ട് ഇടദിവസങ്ങളിൽ ധരിക്കാറില്ല എന്നുളളതാണ്. സ്കൂളിൽ പോകുമ്പോഴും എവിടെയെങ്കിലും യാത്ര പോകുമ്പോഴോ ആണ് അധികവും ഷർട്ട് ധരിക്കാറുളളത്. പിന്നീട് വർഷങ്ങൾക്കുശേഷം എനിക്കൊരു ജോലിയൊക്കെ ആയതിനുശേഷം ഞാൻ ഓണക്കോടി വാങ്ങി എന്റെ മാതാപിതാക്കൾക്കും സഹോദരിമാർക്കുമൊക്കെ കൊടുത്തപ്പോഴുളള സംതൃപ്തി എന്റെ മനസ്സിൽ ഇപ്പോഴും നിറഞ്ഞു നിൽക്കുന്നു.!

ചിങ്ങമാസം തുടങ്ങുമ്പോഴേ ഞങ്ങൾക്കൊക്കെ വലിയ ആഹ്ലാദമായിരിക്കും. അത്തം മുതൽ ഒരുക്കാനുളള പൂക്കളത്തെപ്പറ്റിയും പൂത്തറ കെട്ടുന്നതിനെക്കുറിച്ചും ഓണദിവസങ്ങളിലെ ഒഴിവുസമയങ്ങളിലെ വിശേഷാൽ കളികളെക്കുറിച്ചുമൊക്കെ ഞങ്ങൾ കുട്ടികൾ മുൻകൂട്ടി ചർച്ചകളൊക്കെ നടത്താറുണ്ട്. എന്തെല്ലാം പൂക്കൾ എവിടെയൊക്കെയാണുളളതെന്ന് മുൻകൂട്ടി കണ്ടുവെയ്ക്കും. സ്കൂൾ വിട്ടുവന്നാൽ ചെറിയ പൂക്കുടയുമെടുത്ത് നേരെ ഓട്ടമായി. ഏറ്റവും കൂടുതൽ പൂക്കൾ പറിക്കാനുളള തിടുക്കം. എങ്കിലും കൂട്ടുകാരിൽ ആർക്കെങ്കിലും ഏതെങ്കിലും പൂക്കൾ കിട്ടിയില്ലെങ്കിൽ അവ പങ്കുവെയ്ക്കാനും ഞങ്ങൾ മറക്കാറില്ല. പൂരാടം നാൾമുതൽ എല്ലാ വീടുകളിലും പുളിഇഞ്ചിക്കറിയുടെയും നാരങ്ങ അച്ചാറിന്റെയുമൊക്കെ സുഗന്ധം നിറഞ്ഞുനിൽക്കും.



Message




**ജോസ് തെറ്റയിൽ**
(അങ്കമാലി)
മെമ്പർ
കേരള നിയമസഭ

അഡ്വക്കേറ്റ്
തെറ്റയിൽ ഹൗസ്
അങ്കമാലി

ഫോൺ :
വീട്
ഓഫീസ് } 0484-2452896
എം. എൽ. എ. ക്വാർട്ടേഴ്സ്
ന്യൂ ബ്ലോക്ക്-56, 57
തിരുവനന്തപുരം : 0471-2512380


സ്ഥലം.......................................................

തീയതി.......................................................

## സന്ദേശം

മലയാളി മനസ്സുകളിൽ സ്നേഹത്തിന്റേയും, സാഹോദര്യത്തിന്റേയും പൂക്കളം തീർത്ത് ഒരിക്കൽക്കൂടി പൊന്നോണം വരവായി. സമൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും പ്രതീകമായ ഈ മഹോൽസവത്തെ വരവേൽക്കാൻ ലോകമെമ്പാടുമുള്ള മലയാളികൾ ഒരുങ്ങികഴിഞ്ഞു. മാറുന്ന മലയാളികൾക്കൊപ്പം ഓണച്ചമയങ്ങളിലും മാറ്റം പ്രകടമാണെങ്കിലും "കാണം വിറ്റും ഓണമുണ്ണുക" എന്ന പരമ്പരാഗത മനോഭാവത്തിൽ മലയാളികൾ മാറ്റം വരുത്തിയിട്ടില്ല. പൂവിളിയുടെ കാഹളവും നിറം മങ്ങാത്ത ആഘോഷങ്ങളും മലയാളി ഹൃദയങ്ങളിൽ ഇന്നും സ്ഥാനം പിടിക്കുമ്പോൾ കേരളത്തിന്റെ ഈ ദേശീയാഘോഷത്തിന് പൂർണ്ണത കൈവരുന്നു.

കേരളീയർ എത്ര അകലങ്ങളിലായാലും മലയാളനാടിനോടുള്ള മമത കാത്തു സൂക്ഷിക്കുന്നു എന്നതിന്റെ ഏറ്റവും നല്ല തെളിവാണ് ഇത്തവണത്തെ ഓണാഘോഷം വിപുലമാക്കാനുള്ള യു.എ.ഇ.യിലെ മലയാളി സമൂഹത്തിന്റെ കൂട്ടായ്മയായ യു.എ.ഇ. അങ്കമാലി എൻ.ആർ.ഐ. അസ്സോസിയേഷന്റെ തീരുമാനം. ഓണാഘോഷത്തോടനുബന്ധിച്ച് ഒരു സപ്ലിമെന്റും പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. നാട്ടിലെത്താൻ കഴിയാതെ വരുമ്പോഴും മാവേലിയും പൂക്കളവുമൊക്കെ വിദേശ മലയാളിമനസ്സുകളിൽ നിറഞ്ഞുനിൽക്കുന്നു എന്നത് അഭിനന്ദനാർഹം തന്നെ.

മണലാരണ്യങ്ങളിലെ ജോലിത്തിരക്കിനിടയിലും മലയാളനാടിനോടും മലയാള ഭാഷയോടുമുള്ള സ്നേഹവും പ്രതിപത്തിയും കാത്തുസൂക്ഷിക്കുന്ന യു.എ.ഇ. അങ്കമാലി എൻ.ആർ.ഐ. അസ്സോസിയേഷനിൽപ്പെട്ട രണ്ടായിരത്തോളം വരുന്ന കുടുംബങ്ങളെ ഈയവസരത്തിൽ ഞാൻ വ്യക്തിപരമായും അങ്കമാലി നിയോജകമണ്ഡലത്തിന്റെ പ്രതിനിധി എന്ന നിലയിലും ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. മൂന്നുവർഷം മുമ്പ് രൂപീകൃതമായ അസ്സോസിയേഷൻ നാട്ടിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി നിക്ഷേപ സമാഹരണം നടത്തുന്നു എന്നറിയുന്നതിലും ഏറെ സന്തോഷമുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് ഓണം പോലുള്ള ആഘോഷവേളകൾ കൂടുതൽ അർത്ഥവത്തും മഹത്തരവുമാകുന്നത്.

യു.എ.ഇ. - അങ്കമാലി എൻ.ആർ.ഐ. അസ്സോസിയേഷനിലെ മുഴുവൻ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

സ്നേഹപൂർവ്വം

ജോസ് തെറ്റയിൽ എം.എൽ.എ.



ഉത്രാടരാത്രിയിൽ അമ്മയും ചേച്ചിയുമൊക്കെ തകൃതിയായ ജോലിയിലായിരിക്കും.

വെളുപ്പിന് തൃക്കാക്കരയപ്പനെ പൂജിക്കാനുള്ള പൂവടയും പഴംനുറുക്കുമൊക്കെ ഉണ്ടാക്കിവെക്കൽ, പിറ്റേന്നു വേണ്ട ഊണിനുള്ള പച്ചക്കറികളുടെ നുറുക്കൽ എന്നിവയൊക്കെ ഒരുക്കിവെക്കണം. പിറ്റേന്നു ഏഴരവെളുപ്പിനു എഴുന്നേറ്റ് കുളിയൊക്കെ കഴിഞ്ഞ് മുറ്റത്ത് നിൽപ്പാണ്. അമ്മ തൃക്കാക്കരയപ്പനെ പൂജിച്ച് പടിമുറ്റത്ത് എത്തുമ്പോൾ പിന്നെ മാവേലിയെ വരവേൽക്കാനുള്ള തയ്യാറെടുപ്പിലാണ് ഞങ്ങൾ. ആർപ്പുവിളിയും വായ്ക്കുരവയുമായിട്ടാണ് മാവേലിയെ എതിരേൽക്കുന്നത്. എതിരേൽക്കലും പൂജയുമെല്ലാം കഴിഞ്ഞ്, പൂവടയും പഴംനുറുക്കും കഴിച്ച്, പിന്നീട് നേരെ കിളിതട്ടുകളിക്കാൻ ഓടുകയായി. അത് ഉച്ചക്കുള്ള, ഊൺ സമയം വരെ നീളും. അമ്മയും സഹോദരിമാരും ചേർന്നുണ്ടാക്കുന്ന, കാളൻ, ഓലൻ, അവിയൽ, എലിശ്ശേരി, സാമ്പാർ എന്നീ രുചിയേറിയ വിഭവങ്ങളൊക്കയുള്ള സദ്യയുടെ ഓർമ്മ ഇന്നും മനസ്സിൽ തങ്ങി നിൽക്കുന്നു. ആ രുചിയേറിയ വിഭവങ്ങളുടെ കൊതിയൂറുന്ന മണം ഇപ്പോഴും വലതുകൈ മണക്കുമ്പോൾ ഉണ്ടെന്ന് തോന്നാറുണ്ട്. വർഷങ്ങൾക്കുശേഷം ഒരു തിരുവോണനാളിൽ എന്റെ ശ്രീമതി ഒരു ഗംഭീര സദ്യ എനിക്കും മക്കൾക്കും കുറച്ചു സുഹൃത്തുക്കൾക്കുമായി ഒരുക്കിയിരുന്നു. ഞങ്ങളുടെ ഊണിനുശേഷം ഞങ്ങളുടെ മുഖത്തെ തിളക്കം കണ്ടിട്ടാകാം അവൾ എന്റെയടുത്തുവന്ന് സംതൃപ്തിയോടെ ഒരൽപ്പം ഗർവ്വോടെ ചോദിച്ചു. ചേട്ടാ എങ്ങനെയുണ്ടായിരുന്നു സദ്യ? ഞാൻ അവളുടെ മുഖത്തുനോക്കി ഊറിചിരിച്ചുകൊണ്ട് തലയാട്ടി പറഞ്ഞു. കൊള്ളാം ഗംഭീരമായിരിക്കുന്നു.

അപ്പോൾ എന്റെ മനസ്സിൽ പറയുന്നുണ്ടായിരുന്നു. പെണ്ണേ ഞാൻ ഇതിനുമുമ്പും ഇതുപോലുള്ള ഗംഭീരസദ്യ ഉണ്ടിട്ടുണ്ട് എന്ന്. കെ.എഫ്.സിയുടേയും പിസ്സയുടേയും ഇക്കാലത്ത് നല്ലൊരു ഓണസദ്യ അവർ ഒരുക്കിതരുമല്ലോ. അതേ തികച്ചും ഗംഭീരം തന്നെ. നാളെ ഞങ്ങളുടെ മക്കൾ പറയുമായിരിക്കും അമ്മ ഉാക്കാറുള്ള കറികളുടെ സുഗന്ധം ഇപ്പോഴും കൈവിരലിലുണ്ടെന്ന്. കുറച്ചുദിവസങ്ങൾക്കുമുമ്പ് എന്റെ മകൾ നാട്ടിൽ നിന്നും വിളിച്ചപ്പോൾ പറഞ്ഞു. അച്ഛാ ഞങ്ങൾ ഇത്തവണ ഓണക്കോടി നേരത്തേ എടുത്തു. അച്ഛന് ഇവിടെ വാങ്ങിവെച്ചിട്ടുണ്ടെന്ന്. എന്നും ഓണമായ അവർക്ക് ഓണക്കോടി ഒരു പുതുമയേ അല്ലെങ്കിലും എനിക്കായി അവർ മാറ്റിവെച്ചിരിക്കുന്നു. ഇതിൽ കൂടുതൽ എന്ത് സന്തോഷം! പത്തുവയസ്സുകാരിയായ എന്റെ മകൾക്ക് അവളുടെ അച്ചനുവേണ്ടി ഓണക്കോടി തെരഞ്ഞെടുക്കാൻ സൗഭാഗ്യം ഉണ്ടാക്കിതന്ന ആ ശക്തിയെ നോക്കി ഞാൻ മന്ത്രിക്കട്ടെ. സർവ്വേശ്വരാ അങ്ങേയ്ക്ക് കോടാനുകോടി നമസ്കാരം. ഈ സൗഭാഗ്യങ്ങൾ അങ്ങ് എനിക്ക് നൽകിയല്ലോ. അങ്ങയുടെ മുമ്പിൽ സാഷ്ടാംഗ പ്രണാമം.


സന്തോഷപ്രദമായ ഓണം JRG നേരുന്നു...

We Offer : Online Commodity Futures & Options Trading

Mobile Trading • Internet Trading • Indoor Trading Terminals

JRG
Capital Benefits

Please Contact:

Website: www.jrg.co.in
Email: jrg@jrgmiddleeast.ae

JRG METALS & COMMODITIES DMCC
P.O. Box: 58124, Tel: +971 4 3327280, Fax: +971 4 3327281
Suite No. 503, City Tower - 1, Sheikh Zayed Road






വർഗ്ഗീസ് മൂലൻ
പ്രസിഡന്റ്

## Angamaly Non-Resident Association (ANORA)
Kingdom of Saudi Arabia

പ്രിയപ്പെട്ട നാട്ടുകാരെ,

ഓണാശംസകൾ...

അഭിനന്ദനം അർഹിക്കുന്ന പ്രവർത്തനങ്ങളാണ് യു.എ.ഇ.യിലെ അങ്കമാലി പ്രവാസികളുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നത്. ഒരു വിദേശരാജ്യത്ത് ആദ്യമായി രൂപപ്പെട്ട അങ്കമാലിക്കാരുടെ കൂട്ടായ്മ എന്ന നിലയിൽ യു.എ.ഇ. അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ പ്രവർത്തനങ്ങൾ തന്നെയാണ് ഇതര രാജ്യങ്ങളിലും നമ്മുടെ നാട്ടുകാരുടെ കൂട്ടായ്മ രൂപീകരിക്കുവാൻ പ്രേരകഘടകമാകുന്നത്. സൗദി അറേബ്യയിൽ ഏതാ നും മാസങ്ങൾക്കുമുമ്പാണ് അങ്കമാലി നോൺ റസിഡന്റ് അസോസിയേഷന് രൂപം നൽകിയത്. ഇപ്പോൾ ദമാം, അൽഹസ, റഹിമ, ജൂബൈൽ എന്നിവിടങ്ങളിലാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. റിയാദിലേക്കും ദമാമിലേക്കും താമസി യാതെ സംഘടനയുടെ പ്രവർത്തനം വ്യാപിപ്പിക്കും. പ്രവാസികളായ നമുക്ക് ഒത്തുചേരുവാനും, സഹജീവികൾക്കും നാടിനും കാര്യമായി എന്തെങ്കിലുമൊക്കെ ചെയ്യുവാനും ഏറ്റവും സാധ്യതയുള്ള ഒരു വേദിയാണ് നാട്ടുകാരുടെ ഈ കൂട്ടായ്മ.

പല ദേശങ്ങളിൽ കഴിയുന്ന അയൽപക്കക്കാരായ നമുക്ക് അധികം താമസിയാതെ ഒരു കുടക്കീഴിൽ വരുവാൻ സാധിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം. ഓണാഘോഷം വിപുലമായി സംഘടിപ്പിക്കുമ്പോൾ, തൊട്ടപ്പുറത്ത് സൗദി അറേബ്യയിലിരുന്ന് ഞങ്ങൾ മനസ്സുകൊണ്ട് നിങ്ങളോടൊപ്പം ഓണമുണ്ണുന്നുണ്ട്.

നന്മയുടെ ഓണാശംസകൾ.










എൽവിസ്ചുമ്മാർ
ജേണലിസ്റ്റ്,
മലയാളമനോരമ ദുബായ്


# മാവേലി

## ആദ്യമായി നാടുകടന്ന മലയാളി!

ചിങ്ങത്തിന്റെ തലവെട്ടം കണ്ടു തുടങ്ങുമ്പോൾ തന്നെ പ്രവാസി മലയാളികൾ വലിയൊരു പൂക്കുടയായി മാറിയിട്ടുണ്ടാകും.നാട്ടിലെ വീട്ടുതൊടികളിൽ സകലമാന പൂക്കളും വിരിയുന്ന കാലം. ഈ പൂച്ചിരി കാണാൻ കാത്തിരിക്കുകയാണ് പ്രവാസി സമൂഹം.

പേരറിയാത്ത പലകോടി പൂക്കൾ............, പൂച്ചായങ്ങൾക്കിടയിലൂടെ എത്തിനോക്കുന്ന പച്ചയുടെ തഴപ്പ്, കാശിത്തുമ്പയും പലയിനം ചെമ്പരത്തികളും മന്ദാരവും ചെത്തിയും പ്രവാസികൾക്ക് അന്യമാകുന്നു. നാട്ടിലാണെങ്കിൽ അയൽവീടുകളിലെ പൂക്കൾ കട്ടു പറിക്കാം. അയൽവീടുകളിലെപൂ നുള്ളുന്ന ഈ സുഖവും പ്രവാസിക്ക് നഷ്ടം. അമ്മയുടെ പാൽപ്പായസത്തിന് അമ്പലപ്പുഴ പാൽപ്പായസത്തിന്റെ രുചിയാണ്. ഈ രുചിയും പ്രവാസിക്ക് കിട്ടുമോ ഇവിടെ?

പ്രവാസി മലയാളിക്ക്ചില പൊതു വികാരങ്ങളുണ്ട്. കാത്തിരിപ്പ്, ഓർമ്മകൾ, പ്രകൃതി, സമൃദ്ധി... ഇങ്ങനെ നീളുന്നു ഇവ. ഇവയെല്ലാം ചേരും പടി ചേർന്ന് എത്തുന്ന ഒരാഘോഷമാണ് ഓണം. ഓരോ കാലത്തിനും അതാതു കാലത്തിനു യോജിക്കുന്ന രീതിയിൽ ആഘോഷിക്കാവുന്ന വിധം വഴങ്ങിക്കൊടുക്കുന്ന രീതികളാണ് അതിന്റേത്. തൊടിയിലെ പൂക്കളില്ലെങ്കിൽ ഉമ്മറത്തെ അലങ്കാരച്ചെടിയും പൂക്കളും, അതില്ലെങ്കിൽ തമിഴ്നാട്ടിൽ നിന്നു സഹ്യനെകടന്നെത്തുന്ന പൂക്കൾ, അതില്ലെങ്കിൽ പ്ലാസ്റ്റിക് പൂക്കളും നിറം കലർത്തിയ വസ്തുക്കളും പൂക്കളത്തിനു പോലുമില്ല ഈ ശാഠ്യങ്ങൾ. തൃക്കാക്കരയപ്പനും എത്ര വക ഭേദങ്ങൾ - മണ്ണിൽ കുഴച്ചുണ്ടാക്കിയതു മുതൽ മരത്തിൽ തീർത്ത ചിരഞ്ജീവി വരെ. തമാശ പറഞ്ഞാൽ എം.ടി. കഥയിലെപ്പോലെ, തിരിച്ചുവരാനായി യാത്ര ആരംഭിക്കുന്ന മാവേലി. മാവേലി ആദ്യമായി നാടുകടന്ന മലയാളിയാണ്. ജീവിതത്തിന്റെ ഏറിയ കൂറും വിദേശത്തു കഴിയാൻ വിധിക്കപ്പെട്ട (പ്രവാസി) മലയാളിയുടെ ആദിമരൂപം. വരും വരാതിരിക്കില്ല എന്ന മട്ടിൽ നമ്മുടെ പ്രിയപ്പെട്ട ഒരാളെപ്പോലെ മാവേലി മടങ്ങിയിരുന്നു. ഗൃഹാതുരത്വത്തിന്റെ ഈ സങ്കൽപ്പം പണ്ടേയ്ക്കു പണ്ടേ മലയാളിയുടെ രക്തത്തിലുണ്ട്. ഇതിനു തെളിവാണ് ഈ കഥ. ഇങ്ങനെ ചില കഥകളാണ് നമുക്കൊരു സംസ്കാരം തന്നത്. അത് മറക്കരുത്. മനോഹരമായ ഒരു കാത്തിരിപ്പ് സങ്കൽപ്പം അതിനു വേണ്ടിയുള്ള ഒരുക്കങ്ങൾ, ആഘോഷങ്ങൾ.

നാടുവിടുന്ന ഓരോ മലയാളിയും ഉറ്റവരോട് പറയുന്ന ഒരു വാക്കുണ്ട്- അടുത്ത ഓണത്തിന് നാട്ടിലെത്താം. ഓണങ്ങൾ പലതും കടന്നു പോയാലും ആ വാക്ക് മനസിൽ തീർക്കുന്ന ഒരു പൂക്കളമുണ്ട് - അതു കാത്തിരിപ്പിന്റേതാണ്. പ്രതീക്ഷയുടെ പൂത്തറയിൽ ഓർമ്മയുടെ തൃക്കാക്കരയപ്പനെ പൂജിച്ച് നമ്മളാർക്കോ വേണ്ടി എന്നും കാത്തിരിക്കുകയാണ്. ഒരു വിളിപ്പാടകലെയുള്ള പ്രിയപ്പെട്ടവനാകാം. സ്നേഹത്തിന്റെ വ്യാകരണം മുഴുവനായി പിടികിട്ടാത്ത മക്കൾക്കായിട്ടാകാം. സുരക്ഷിതത്വത്തിന്റെ ചൂടുതരാൻ അച്ഛനമ്മമാർക്കായിട്ടാകാം. പിറക്കാനിരുന്ന ഉണ്ണിക്കായിട്ടാകാം. എന്നിട്ടും എല്ലാ സ്നേഹങ്ങളും കാത്തിരിക്കുകയാണ്. നമ്മെ ഭരിക്കാനും സ്നേഹിക്കാനും ഓർമിപ്പിക്കാനും ആണ് മാവേലിയുടെ ആ വരവ്.......!!!



# PAAN

PRAVASSY ASSOCIATION OF ANGAMALY- NEDUMBASSERY



Date: 19/08/2007

I would like to congratulate the Founding **Members of Angamaly Association** on their selfless and dedicated service in the cause of humanity in general and the Indian people in particular their steadfast beliefs in sharing their bountiful goodness and their valuable time to resolve diversified community problems are commendable.

I congratulate them on their special occasion of " **Onam Celebrations**" .

Warm felicitations, keep up the good work..

**SHANKER PALLOOR**
**GENERAL SECRETARY**
**MOB. 39944837, TEL. 17-252218**

PO Box [illegible] Kingdom of Bahrain Tel. [illegible] Fax [illegible]
Email paanbahrain@yahoo.co.in www.paanbahrain.com



റോബിൻ അഗസ്റ്റിൻ

# ഓണം കേരൾ കാ ദേശീയ ത്യോഹാർ ഹേ...

ദുബായിലെ ചൂടുള്ള സെപ്തംബർ മാസത്തിലെ ഒരു വെള്ളിയാഴ്ച.

കരാമ സെന്ററിലെ പാർട്ടി ഹാളിൽ മേശയ്ക്കുചുറ്റുമിരുന്ന് പൂക്കൾ ഇതൾ പൊഴിക്കുകയാണ് ഒരു കൂട്ടർ. കൂടുതലും കേരളീയവേഷത്തിലുള്ള വനിതകൾ. പ്രസംഗപീഠം മാത്രമുള്ള വേദിക്കുമുമ്പിൽ കുറെ കസേരകൾ നിരത്തിയിട്ടുണ്ട്. എന്തൊക്കെയോ തിരക്കു പിടിച്ച് ചിലർ തലങ്ങും വിലങ്ങും നടക്കുന്നു.

അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ കന്നി ഓണാഘോഷത്തിനുള്ള തയ്യാറെടുപ്പിലാണ് ഇവിടെയുള്ളവർ ഒരു വശത്തെ മുറിയിൽ രണ്ടു മൂന്നുപേർ ചേർന്ന് വയറുള്ള ഒരാളെ മഹാബലിയായി ചമയങ്ങളണിയിക്കുന്നു. ചിലർ ബാനറുകൾ വലിച്ചുകെട്ടുന്നു. ചിലർ നിലവിളക്കിൽ എണ്ണയൊഴിച്ച് തിരി ഒരുക്കുന്നു. എല്ലാവരും തിരക്കിലാണ്.

അധികം വൈകാതെ തറയിൽ മനോഹരമായ ഒരു പൂക്കളം ഒരുങ്ങി. കേരളസാരിച്ചുറ്റി ഉടുത്തൊരുങ്ങിയിട്ടുള്ള മലയാളി മഹിളകൾ സാരി ചുളിയാതെ നിലത്തൂന്നിയിരുന്ന് പാട്പെട്ട് ഒരുക്കിയ അതിമനോഹരമായ ഓണപൂക്കളം.

പണ്ട് കോളേജിലായിരിക്കുമ്പോൾ ഞാനും പങ്കെടുത്തു, ഒരു പൂക്കള മത്സരത്തിന്. അവസാന മണിക്കൂറിൽ 15 മിനിട്ടുകൊണ്ട് വേലിയിലും മതിലിലും നിന്ന പച്ചിലയും പൂക്കളും (കാടും പടലും) ഒപ്പിച്ചെടുത്ത് വൻകിട ടീമുകൾക്കൊപ്പം മത്സരിക്കാൻ തയ്യാറാക്കിയ പൂക്കളം എന്നു പറയാൻ വയ്യാത്ത ഒരു കളം... കലാബോധമുള്ളവരെ ഒന്ന് നിൽക്കൂ ഈ ഓണപ്പൂക്കൾക്ക് നിങ്ങളോട് കഥകൾ പറയാനുണ്ട്... എന്നൊരു ബോർഡും വച്ചു. മാർക്കിടാൻ വന്നവർ കണ്ടു ഞെട്ടി.

പക്ഷെ ഇവിടെ ദുബായിലെ ഈ ഹാളിൽ മനോഹരമായി ഒരുക്കിയിരിക്കുന്ന ഈ പൂക്കളത്തിലെ പൂക്കൾക്ക് ചിലതു പറയാനുണ്ടാകും. നാട്ടിലെ ഏതോ പൂക്കടയിൽ നിന്നും ആരോ വന്ന് വില കൊടുത്തു വാങ്ങി. പിന്നെ സൈമൺ ചേട്ടനൊപ്പം ഫ്ളൈറ്റിൽ ദുബായിലേക്ക്. പിന്നീട് ദുബായിലെ ചൂട് സഹിക്കവയ്യാതെ രണ്ടു ദിവസം ഫ്രിഡ്ജിലെ തണുപ്പിൽ. ഇപ്പോൾ ..... വീണിതല്ലോ കിടക്കുന്നു ധരണിയിൽ. പക്ഷെ കാണികൾക്കു മനം കുളിർപ്പിക്കുന്ന ഓണപ്പൂക്കള കാഴ്ചയായി.

പൂക്കളത്തിനു മുമ്പിൽ വച്ച നിലവിളക്കിൽ നൂറു കണക്കിനു ജനങ്ങളെ സാക്ഷിനിർത്തി ഭാരവാഹികളോരോരുത്തരായി ദീപം തെളിച്ചു. അങ്ങനെ അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ കന്നി തിരുവോണ ആഘോഷങ്ങൾക്ക് പ്രകാശപൂരിതമായ തുടക്കമായി.

പിന്നിലുള്ള വരാന്തയിൽ നിന്നും താലവുമേന്തി കുറെ ബാലികമാർ മഹാബലിയെ എതിരേറ്റുകൊണ്ട് കടന്നുവന്നു. മഹാബലി തമ്പുരാൻ ഘനഗംഭീരമായ തലയെടുപ്പോടെ മന്ദഹസിച്ച് എല്ലാവരെയും അഭിവാദ്യം ചെയ്തു നടന്നുവരുന്നു. തൊട്ടുപിന്നിൽ ഘോഷയാത്രയായി അനുഗമിക്കുന്നവർ കുരവയിടുന്നു. ഉച്ചത്തിൽ ആർപ്പുവിളിക്കുന്നു. കണ്ടുനിൽക്കുന്നവരുടെയും അനുഗമിക്കുന്നവരുടെയും മുഖത്ത് ഉത്സാഹത്തിന്റെയും ആഹ്ലാദത്തിന്റെയും തിരതല്ലൽ. ആകെ കൂടി ഒരു ഉത്സവലഹരിയാക്കി ഈ ഘോഷയാത്ര. ഇതിനു വേലായുധൻ ചേട്ടനോടു നന്ദി പറയണം. മാവേലിയെ ഒരുക്കിയതിനുപിന്നിലും, ആർപ്പുവിളിച്ചുള്ള ഘോഷയാത്രയിലും തിളങ്ങിനിന്ന തല അദ്ദേഹത്തിന്റെയായിരുന്നല്ലോ. പശ്ചാത്തല സംഗീതമെന്നോണം ചെണ്ടമേളം കൂടി ആയപ്പോൾ സംഗതി പൊടിപൂരം.

ചെണ്ടമേളം, കേൾക്കാൻ സുഖമുള്ളതാണ്. പ്രത്യേകിച്ച് ഓണക്കാലത്ത് ഓണത്തലേന്ന് ചെണ്ടമേളം കേട്ടാൽ ഓടി പുറത്തിറങ്ങി നോക്കുമായിരുന്നു. അടുത്തുള്ള ആർട്സ് & സ്പോർട്സ് ക്ലബുകാരുടെ ഓണ ഘോഷയാത്ര വരുന്നുണ്ടാകും. കുറേ പുലിക്കളിക്കാരെ മുമ്പിൽ തുള്ളിക്കളിപ്പിച്ച് ശിക്കാരി ശംഭുവിനെപ്പോലെ തോക്കും പിടിച്ച്, ഒരുത്തൻ പുലികൾക്ക് പിന്നാലെ, പിന്നെ ചെണ്ടമേളക്കാർ, കഥകളി വേഷക്കാർ, തെയ്യം, തിറ, കുമ്മാട്ടി, മുടിയാട്ടം തുടങ്ങിയ കലാരൂപങ്ങൾ. എല്ലാവർക്കും പിന്നാലെ മഹാബലിയും വാമനനും കടന്നുവരും. കൂടാതെ പ്രച്ഛന്നവേഷക്കാർ വേറെ, സൈക്കിളിൽ മോട്ടോർ ബൈക്കിൽ ഒക്കെയായി.






നമ്മുടെ മഹാബലി വരവേൽപ് സ്വീകരിച്ച് വേദിയിലേക്കെത്തി ഏവർക്കും ഓണാശംസകൾ നേർന്നു. സദസിനെയാകെ അഭിവാദ്യം ചെയ്തു കൊണ്ട് പ്രജകൾക്കിടയിലേക്ക്. അതിനിടയിൽ കയ്യിൽ മൈക്കുമായി നടന്ന് ഒരാൾ പ്രജകളോടു ചോദ്യം ചോദിക്കുന്നു. പ്രജകൾ ഉത്സാഹത്തോടെ ഉത്തരങ്ങൾ ബോധിപ്പിക്കാൻ മത്സരിക്കുന്നു. ഉത്തരം പറയുന്നവർക്ക് മാവേലി സമ്മാനപ്പൊതികൾ വിതരണം ചെയ്യുന്നു.

ഓണത്തിന്റെ ചേരുവകളെല്ലാം ഒത്തുവരുന്നുണ്ടിവിടെ. തിരുവാതിരക്കളി, വിവിധയിനം ഓണക്കളികൾ... അതിനിടയിൽ കേരളസാരി ചുറ്റി മുല്ലപ്പൂവും ചൂടി മലയാളി വനിതകളും, കസവുമുണ്ടും വെള്ളജുബയും ചന്ദനക്കുറിയുമായി മലയാളി പുരുഷന്മാരും തിരുവോണം ഐശ്വര്യത്തിന്റെ ഉത്സവം കൂടിയാണെന്ന് തെളിയിക്കുമാറ് വേദിയിൽ നിരന്നു.

ഇതെല്ലാം കണ്ടുകൊണ്ട് ആഘോഷ പരിപാടികളുടെ സ്പോൺസർമാരിലൊരാൾ എന്റെയടുത്ത് നില്പുണ്ട് - ഡൽഹിക്കാരൻ നിതിൻ ബഹേൽ. അദ്ദേഹം മെല്ലെ എന്റെ ചെവിട്ടിൽ ചോദിച്ചു. 'യേ ഓണം ഫെസ്റ്റിവൽ ക്യാഹേ'

ഞാൻ പെട്ടുപോയി. എന്തുപറയും ദൈവമേ മലയാള മറിയാത്ത ഈ ഹിന്ദിക്കാരനോട്. പെട്ടെന്ന് പരമേശ്വരൻ സാറിന്റെ ചിരിക്കാത്ത മുഖം മനസിൽ തെളിഞ്ഞുവന്നു.

പിന്നെ ഞാനങ്ങുതട്ടി. ഓണം കേരൾ കാ ദേശീയ ത്യോഹാർ ഹേ ശ്രാവൺ കാ മഹീനേ മേം ഓണം ആത്താഹേ. ഓണം കാ ദസ് ദിൻ പഹലാ അത്തം ആത്താ ഹേ.

ഒന്ന് ദീർഘമായി നിശ്വസിച്ചു.

യു.പി. സ്കൂളിലെ മരത്തിന്റെ ബഞ്ചിൽ, ചിരിക്കാത്ത പരമേശ്വരൻ സാറിന്റെ ഉണ്ടക്കണ്ണുള്ള മുഖത്തേക്ക് ഇമവെട്ടാതെ നോക്കിയിരിക്കുമ്പോൾ കേട്ടതോർമ്മയുണ്ട്. പിന്നെ എണ്ണ പുരട്ടി മിനുക്കിയ ചൂരലിനെ പേടിച്ച് രാത്രിയിൽ ഉറക്കമിളച്ചിരുന്ന് പഠിച്ചതും മനസിലുണ്ട്. ഇത് ഇവിടെ ഇങ്ങനെ ഉപകാരപ്പെടുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല.

ആഘോഷങ്ങൾ ഓണസദ്യയുടെ വക്കോളം എത്തിയിരിക്കുന്നു. നിരത്തിയിട്ട മേശകളിൽ പേപ്പർ വിരിച്ച് വാഴയില ഇട്ട് ഒരു ഗംഭീര ഓണസദ്യ. അവിയൽ, സാമ്പാർ, തീയൽ, ഓലൻ, കാളൻ, പുളിശ്ശേരി, എരിശ്ശേരി, പപ്പടം, പഴം, പായസം വരെ നീളുന്ന വിഭവസമൃദ്ധമായ സദ്യ.

വീട്ടുകാരും സ്വന്തക്കാരും ഒരുമിച്ച് നിലത്ത് പായവിരിച്ച്... തൂശനിലയിൽ ഉണ്ണുന്ന ഓണത്തിന്റെ അത്ര പോരെങ്കിലും ഈ സദ്യയ്ക്കുമുണ്ട് പ്രത്യേകതകൾ. അഞ്ഞൂറിലധികം പേർ ഒരുമിച്ച് ഉണ്ണുന്ന സദ്യ, അതിലേറെയും സ്വന്തം നാട്ടുകാരും അടുത്ത കൂട്ടുകാരും. ഒട്ടും മോശമല്ല സദ്യയും.

ഓണാഘോഷങ്ങൾക്ക് കൊടിയിറങ്ങുമ്പോൾ ഈ ഓണവും അനുഭവസമ്പന്നമായതിന്റെ സംതൃപ്തി. മലയാളക്കരയിലായാലും മറുനാട്ടിലായാലും അങ്ങുമാനത്ത് ചന്ദ്രനിലായാലും ഓണവും ഓണനാളുകളും മലയാളിക്കുമറക്കാനാകില്ല. ഓരോ ഓണവും ഒരു പുത്തൻ അനുഭവമാകുന്നു നാം പിന്നെ അവിടെനിന്നു കടന്നുപോന്ന ഓണദിനങ്ങളിലെ കുളിരുന്ന ഓർമ്മകളിലേക്ക് ഒരു ഊളിയിടൽ. ഈ ഒരോണം കൂടി നമുക്ക് നാളേക്ക് നല്ല സ്മരണകൾ നൽകി കടന്നു പോകട്ടെ - ഒരായിരം ഓണാശംസകൾ ഒരിക്കൽ കൂടി...



# ദൈവത്തിന്റെ സ്വന്തം നാട്

നൈജോ അബ്രഹാം

> കേരളത്തിലെ പല സ്ഥലങ്ങളിലും വീടുകളിലെ വിസർജ്യവസ്തുക്കൾ ഒഴുക്കുന്നത് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലൂടെ ഒഴുകുന്ന തോട്ടിലേയ്ക്കും, പുഴയിലേയ്ക്കും, കായലിലേയ്ക്കും മറ്റുമാണ്.

ആരോഗ്യരംഗത്ത് ഇന്ത്യയിലെ ഏറ്റവും വളർച്ചയുള്ള സംസ്ഥാനം കേരളമെന്നാണ് കണക്ക്. എന്താണ് വളർച്ച? പടുകൂറ്റൻ അത്യാധുനിക സ്റ്റാർ ഹോസ്പിറ്റലുകൾ ഉള്ളതാണോ വളർച്ച? ഇന്ന് കേരളം ഈ രംഗത്ത് വളർന്നിരിക്കുന്നത് വിവിധതരം വൈറസുകളുടേയും, ഫംഗസുകളുടേയും, ബാക്ടീരിയകളുടെയും വളർത്തുകേന്ദ്രം എന്ന നിലയ്ക്കാണ്. കേരളം രൂപം കൊണ്ടിട്ട് അരനൂറ്റാണ്ട് പിന്നിട്ടിട്ടും മാലിന്യസംസ്കരണം എന്താണെന്നോ, മാലിന്യങ്ങൾ എന്തുചെയ്യണമെന്നോ അറിയാത്ത ഭരണാധികാരികൾ. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയും ജനങ്ങളുടെ ബഹളത്തെത്തുടർന്ന് അത് മറ്റൊരു ജനനിബിഢമായ സ്ഥലത്തേക്ക് മാറ്റുകയും ചെയ്യുന്നതാണ് ഇവിടുത്തെ മാലിന്യസംസ്കരണം. എറണാകുളം ജില്ലയിൽ മാലിന്യങ്ങൾ നിക്ഷേപിക്കാൻ തിരഞ്ഞെടുത്തിരിക്കുന്ന ഒരു സ്ഥലമാണ് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കറുകുറ്റി.

പട്ടണങ്ങളിൽപ്പോലും ഒറ്റ അഴുക്കുചാലുകൾ കൃത്യമായി പ്രവർത്തിക്കുന്നില്ല. ഒരുമഴപെയ്താൽ എല്ലാ അഴുക്കുചാലുകളും നിറഞ്ഞ് റോഡിലൂടെയാണ് ഒഴുകുന്നത്. നല്ലൊരു മഴ പെയ്താൽ തലസ്ഥാനനഗരി ഉൾപ്പെടെ പ്രധാന നഗരങ്ങളും വെള്ളത്തിനടിയിലാണ്. കേരളത്തിലെ പല സ്ഥലങ്ങളിലും വീടുകളിലെ വിസർജ്യവസ്തുക്കൾ ഒഴുക്കുന്നത് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലൂടെ ഒഴുകുന്ന തോട്ടിലേയ്ക്കും, പുഴയിലേയ്ക്കും, കായലിലേയ്ക്കും മറ്റുമാണ്. കേരളത്തിലെ ഒരു പ്രധാന നഗരത്തിലെ അറവുശാലകളിലെ എല്ലാ മാലിന്യങ്ങളും നിക്ഷേപിക്കുന്നത് വർഷങ്ങളായി നഗരത്തിലെ തന്നെ പ്രധാന ഹൈവേ റോഡിനരുകിലാണ്.

വർഷങ്ങളായിട്ടും അധികാരികൾ ഇതിനെ ചോദ്യം ചെയ്തിട്ടില്ല. കാത്തിരിക്കുക. വരും വർഷങ്ങളിൽ അമിതമായ കാലവർഷങ്ങൾ നമുക്കുണ്ടാകാം. പേരിടാൻ പോലും പറ്റാത്ത തരത്തിൽ പനികളുടെ എണ്ണവും പെരുകും. ഏതുതരത്തിലുള്ള വൈറസുകളാണ് ഇപ്പോൾ കേരളത്തിലെ പകർച്ചപ്പനിയുടെ കാരണമെന്ന് കേന്ദ്രത്തിൽനിന്നെത്തിയ ആരോഗ്യരംഗത്തെ പ്രമുഖർക്കുപോലും കണ്ടു പിടിക്കുവാൻ സാധിച്ചിട്ടില്ല. എന്നിട്ടും ഉത്തരവാദിത്വപ്പെട്ടവർ പറയുന്നതു കേൾക്കുമ്പോഴാണ് നമ്മളെ എന്തുമാത്രം വിഡ്ഢികളായിട്ടാണ് ഭരണാധികാരികൾ വിലയിരുത്തുന്നതെന്ന് മനസിലാകുന്നത്.

കേരളത്തിൽ ഏകദേശം 25% ജനങ്ങൾക്കും ഏതെങ്കിലും പേരിലുള്ള പകർച്ചപ്പനി വന്നുകഴിഞ്ഞു. എന്നിട്ടും പറയുന്നു പനി നിയന്ത്രിതാവസ്ഥയിലാണെന്ന്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിന്ന് കേരളത്തിന്റെ എല്ലാ ജില്ലയിലേയ്ക്കും ഇത് പടർന്നു പന്ത



ലിക്കുകയാണ്. നൂറുകണക്കിന് ആളുകൾ ഇതിനകം മരിച്ചുകഴിഞ്ഞു. എന്നിട്ടും കേന്ദ്ര വിദഗ്ദർ പറയുന്നു, കേരളത്തിൽ മാരകമായ പനിയില്ല. പനിമൂലം ആരും മരിച്ചിട്ടില്ല. കേരളത്തിന്റെ വെബ്സൈറ്റ് കണ്ട് ഇവിടെയെത്തുന്ന വിദേശികൾക്ക് ദൈവത്തിന്റെ സ്വന്തം നാടിനെക്കുറിച്ച് മറ്റുള്ളവരോട് എന്താണ് വിവരിക്കാനുണ്ടായിരിക്കുക?

ചെളിനിറഞ്ഞ മണൽപ്പരപ്പും, പിടിച്ചു പറിക്കാരും, തട്ടിപ്പുകാരും നിറഞ്ഞ കോവളം ബീച്ചിനെക്കുറിച്ചോ? അതോ ലോകത്തിലെ ഏറ്റവും മോശമെന്ന് ഹൈക്കോടതി കണ്ടെത്തിയ കുണ്ടും, കുഴികളും നി റഞ്ഞ റോഡുകളെക്കുറിച്ചോ, ഏതുവിധേനയും വിദേശികളെ പറ്റിക്കാൻ നിൽക്കുന്ന ഓട്ടോ, ടാക്സിക്കാരെക്കുറിച്ചോ, ഏതുനിമിഷവും മുങ്ങാൻ തയ്യാറായി നിൽക്കുന്ന തട്ടേക്കാട് മോഡൽ ബോട്ടുകളെക്കുറിച്ചോ, ചീഞ്ഞുനാറുന്ന നഗരവീഥികളെക്കുറിച്ചോ, സത്യസന്ധമായി കാര്യങ്ങൾ അറിയാൻ കൈക്കൂലിയില്ലാതെ ചെന്നാൽ ശത്രുത ഭാവത്തോടെ പെരുമാറുന്ന തിരിച്ചയയ്ക്കുന്ന പോലീസുകാരേക്കുറിച്ചോ, ആഴ്ച്ചയിൽ ഒന്ന് എന്ന ക്രമത്തിൽ നടക്കുന്ന ഹർത്താലുകളെക്കുറിച്ചോ, പുറത്തിറങ്ങിയാൽ പകരുന്ന പകർച്ചപ്പനികളെ കുറിച്ചോ, ഒത്തുകിട്ടിയാൽ മാത്രം കാണാൻ പറ്റുന്ന കൊക്കുകളും, മാനുകളുമുള്ള പ്രസിദ്ധമെന്നു പറയുന്ന തേക്കടിയെക്കുറിച്ചോ, ഇടിച്ചുനിരത്തിയിട്ടിരിക്കുന്ന കോൺക്രീറ്റ് അവശിഷ്ടങ്ങൾ നിറഞ്ഞ മൂന്നാറിനെക്കുറിച്ചോ, സ്ത്രീകളെ കണ്ടാൽ കഴുകകണ്ണുമായി നിൽക്കുന്ന സാമൂഹ്യദ്രോഹികളെക്കുറിച്ചോ, മരങ്ങൾ വെട്ടിമുറിച്ച് വിജനമാക്കിയ മുൻകാടുകളേക്കുറിച്ചോ, പരസ്പരം കണ്ടാൽ വെട്ടിക്കീറുന്ന മതസൗഹാർദ്ദത്തെക്കുറിച്ചോ, വഴിനീളേ മദ്യപിച്ചും പുകവലിച്ചും നടക്കുന്ന സാമൂഹ്യദ്രോഹികളെക്കുറിച്ചോ, ഏതുനിമിഷവും നമ്മെ ഇരുട്ടിലാക്കുന്ന പവർക്കട്ടിനെക്കുറിച്ചോ അവശിഷ്ടങ്ങൾ അന്തരീക്ഷത്തിലേക്കും നദികളിലേയ്ക്കും തള്ളിവിടുന്ന വ്യവസായശാലകളെക്കുറിച്ചോ, പാവം അവരും വിഡ്ഢികൾ... ■





സജി തോമസ്,
എടലക്കാട്

# പുലികളിയും റേഷനരിയും ഓണാഘോഷവും

പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണത്തെ വരവേൽക്കാൻ മാലോകരല്ലാം ഒരുങ്ങിക്കഴിഞ്ഞു.

ഓണം ഇല്ലാത്ത ഒരു വർഷത്തെപ്പറ്റിയെങ്കിലും ആലോചിക്കാൻ മലയാളികളായ നമ്മൾക്ക് ആർക്കെങ്കിലും കഴിയുമോ. പുതുവർഷത്തിലെ കലണ്ടർ കിട്ടിയാൽ നമ്മൾ ആദ്യം നോക്കുന്നത് ഓണം എന്നാണ് എന്നല്ലേ. 1994-ലെ കലണ്ടർ കയ്യിൽ കിട്ടിയപ്പോൾ എടലക്കാട് ഗ്രാമത്തിലെ സ്ക്കൂൾ വിദ്യാർത്ഥികളായ. പാറപ്പുറം ജോക്കേഴ്സ് എന്ന ക്ലബിലെ അംഗങ്ങളും കൂടിയായ ഞങ്ങളും നോക്കി ഓണം ഏത് മാസത്തിലാണ്? സെപ്റ്റംബർ മാസത്തിലാണ് ആ കൊല്ലത്തെ ഓണം.

രണ്ട് വർഷം കൊണ്ട് ആറ് നാടകങ്ങൾ എഴുതി സ്റ്റേജിലവതരിപ്പിച്ച നാടകകമ്പക്കാരായ ഞങ്ങൾ, എട്ടിലും പത്തിലുമായ് പഠിക്കുന്ന വിദ്യാർത്ഥികളും കൂട്ടുകാരുമായ ഞങ്ങൾ മുപ്പത്തിരണ്ട് പേർ ആ കൊല്ലത്തെ ഓണം ഗംഭീരമാക്കാൻ തീരുമാനിച്ചു.

സ്പോർട്സ് ആയിക്കോട്ടെ ആർട്സ് ആയിക്കോട്ടെ മറ്റെന്ത് പരിപാടികൾ ആയാലും ശരി അതിനെല്ലാം ചുക്കാൻ പിടിക്കുന്ന കിട്ടുമണി എന്ന് ഞങ്ങൾ തന്നെ ഓമന പേരിട്ട് വിളിക്കുന്ന ഷിജു തന്നെ ആയിരുന്നു ഓണം വിപുലമായ പരിപാടികളോടെ എങ്ങനെ ആഘോഷിക്കണം എന്ന ആശയം മുന്നോട്ട് വച്ചത്. കിട്ടുമണിയെ എല്ലാവർക്കും വലിയ കാര്യമായിരുന്നു. നാടകം എഴുതുകയും സംവിധാനം ചെയ്യുകയും ഈ മുപ്പത്തിരണ്ട് പേരേയും എല്ലാ തലങ്ങളിൽ ഉൾപ്പെടുത്തികൊണ്ട് സ്റ്റേജിലവതരിപ്പിക്കുകയും ചെയ്യുന്ന കിട്ടുമണിയെയും, സ്ക്കൂൾ വിദ്യാർത്ഥികളുമായ ഞങ്ങളുടെ നാടകങ്ങളേയും ആ നാട്ടിലെ എല്ലാവർക്കും വലിയ കാര്യമായിരുന്നു. ഓണാഘോഷത്തിന്റെ പരിപാടികൾ എന്തെല്ലാം ആണെന്ന് ആസൂത്രണം ചെയ്യാൻ ഞങ്ങളെല്ലാവരും ഒരു കിലോമീറ്ററോളം നീണ്ട് കിടക്കുന്ന സ്ഥിരം കമ്മറ്റിവേദിയായ പാറപ്പുറത്ത് കയറി ഇരുന്നു. പലപല ആശയങ്ങളും കൂട്ടുകാർ മുന്നോട്ട് വച്ചു. അവസാനം കസേരകളി, വടംവലി, കുടംതല്ലൽ, കബഡികളി, കിളിപായസസൽക്കാരം, വിപുലമായ ഓണാഘോഷയാത്രയും തുടങ്ങി അന്യം നിന്ന് പോകുന്ന കലാരൂപങ്ങൾ വീണ്ടും അവതരിപ്പിക്കുവാൻ തീരുമാനിച്ചു. പായസസൽക്കാരം തിരുവോണനാളിലും മറ്റുള്ള ആഘോഷങ്ങൾ ഒന്നാം ഓണദിവസവും നടപ്പാക്കാൻ തീരുമാനം എടുത്തുകൊണ്ട് ഒരു മാസം മുൻപ് നോട്ടീസ് അച്ചടിച്ച് സമീപ പ്രദേശങ്ങളിലുള്ള വീടുകളിൽ എത്തിച്ചു. ഞങ്ങളുടെ ആദ്യത്തെ ഓണാഘോഷപ്പരിപാടികൾ . ആയതുകൊണ്ട് നാട്ടുകാരുടെ സഹകരണം പ്രതീക്ഷിച്ചതിൽ കൂടുതൽ ഞങ്ങൾക്ക് കിട്ടി. മത്സരയിനങ്ങളിൽ പങ്കെടുക്കുവാൻ പ്രായ വ്യത്യാസം കൂടാതെ കുട്ടികളും മുതിർന്നവരും എല്ലാവരും വന്നിരുന്നു. മത്സരയിനങ്ങളെല്ലാം രാവിലെ തീർത്ത് ഉച്ച കഴിഞ്ഞ് ഓണാഘോഷയാത്രക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. പുലികളിയും ഓണപ്പാട്ടും മഹാബലിയെ എഴുന്നള്ളിക്കലുമായിരുന്നു ഘോഷയാത്രയിലെ പ്രധാന ഇനങ്ങൾ, അല്പം വണ്ണ കൂടുതലും കുറച്ച് കുടവയറും ഉള്ള അകാലത്തിൽ ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞ് പോയ തൊമ്മിക്കുട്ടിയായിരുന്നു ആ കൊല്ലം മഹാബലിയായ് വേഷം ഇട്ടിരുന്നത്.

പുലികളിയുടെ കൊഴുപ്പ് കൂട്ടുവാനായ് നാല് ചെണ്ടകളും ഓണപ്പാട്ടിന് താളം പിടിക്കുവാനായ് ആറ് ചിന്തുകളും ഞങ്ങൾ വാടകയ്ക്ക് എടുത്തു. ഓണാഘോഷയാത്ര തുടങ്ങുവാനുള്ള സമയമായ്. ഞങ്ങളുടെ പരിപാടികളിൽ സ്ഥിരം മേയ്ക്കപ്പ് ചെയ്യുന്ന സുകുമാരനും സുരേഷും പിന്നെ കിട്ടുമണിയും ചേർന്ന് കട്ടുകാരെ പുലികളിക്കായ് ചായം തേച്ച് മുഖം മൂടിയും വച്ച് പുള്ളിയും കുത്തി വന്നപ്പോൾ പിന്നെയും പുലികളിയുടെ സാധനങ്ങൾ ബാക്കി. അപ്പോഴാണ് ഞങ്ങളുടെ നാടകങ്ങളിൽ കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ഘനഗംഭീര ശബ്ദത്തിന്റെ ഉടമയും, ആര് എന്ത് പറഞ്ഞാലും വിശ്വസിക്കുന്ന, നിഷ്കളങ്കനുമായ സ്റ്റീഫൻ ആ വഴിയ്ക്ക് വരുന്നത്. സ്റ്റീഫനെ മാത്രം ഞങ്ങളുടെ ഓണപരിപാടികൾക്ക് അവന്റെ അപ്പച്ചനായ ലോനപ്പൻ ചേട്ടൻ വിട്ടിരുന്നില്ല.

സ്റ്റീഫനാണെങ്കിൽ ഓണാഘോഷയാത്രയ്ക്ക് വരണമെന്ന അതിയായ ആഗ്രഹവും ഓണത്തിന് സ്പെഷൽ വന്നിരിക്കുന്ന അരിയും പഞ്ചസാരയും റേഷൻ കടയിൽ പോയി വാങ്ങിക്കൊണ്ട് വരുവാൻ സ്റ്റീഫന്റെ അപ്പച്ചൻ പറയുന്നത് അപ്പോഴാണ്. കേട്ടത് പാതി കേൾക്കാത്തത് പാതി എന്ന രീതിയിൽ സഞ്ചിയും റേഷൻ കാർഡും കയ്യിൽ എടുത്ത് സ്റ്റീഫൻ



പുറത്ത് ചാടി. ഓടി വന്നത് ഞങ്ങളുടെ ഓണാഘോഷയാത്ര ആരംഭിക്കുന്ന സ്ഥലത്തേക്കാണ്. സ്റ്റീഫനെ കണ്ട ഉടനെ കിട്ടുമണി പറഞ്ഞു. എടാ സ്റ്റീഫാ പുലികളിക്കുള്ള സാധനങ്ങൾ ബാക്കിയാണ്, നീ പെട്ടെന്ന് ഡ്രസ് മാറ്റി പുലികളിക്ക് ചായം തേച്ച് പിടിപ്പിയ്ക്ക്. സ്ററീഫൻ പറഞ്ഞു. ഏയ് അത് ശരിയാവില്ല. എന്നെ റേഷനരിയും പഞ്ചസാരയും വാങ്ങിക്കാൻ അപ്പച്ചൻ പറഞ്ഞയച്ചിരിക്കുന്നതാണ്.



കിട്ടുമണി ചോദിച്ചു. റേഷൻ കട പൂതം കുറ്റിയിലല്ലേ, നമ്മളുടെ ഓണാഘോഷം അവസാനിക്കുന്നത് അവിടെയാണ് അപ്പോൾ മേടിക്കാലോ അരിയും പഞ്ചസാരയും

എന്നാലും അത്... സ്റ്റീഫൻ പരുങ്ങലിലായ് പുലിയാകണമെന്നുണ്ട് റേഷൻ കടയിൽ പോകണമെന്നുണ്ട് പക്ഷേ അപ്പച്ചൻ ! എന്തും വരട്ടെ എന്ന് കരുതി അവസാനം സ്റ്റീഫൻ പുലിയായി. ഘോഷയാത്ര തുടങ്ങിക്കഴിഞ്ഞിരുന്നു. എല്ലാ പുലികളും കയ്യും കാലും കാണിച്ച് പുലികളിയ്ക്കുമ്പോൾ ഒരു കയ്യിൽ സഞ്ചിയും മറുകയ്യിൽ റേഷൻ കാർഡുമായ് സ്റ്റീഫൻ പുലിയും ഭയങ്കരപുലികളി.

പുലി വരുന്നേയ് പുലി... പൂയ് ഹോ... ഹൊയ്...

ആളുകൾ വിളിച്ച് പറഞ്ഞു മുൻമ്പിൽ മഹാബലിയും അതിന്റെ പുറകിൽ ഓണപ്പാട്ടും ഏറ്റവും പുറകിൽ പുലികളിയുമായ്, ഓണാഘോഷയാത്ര തെങ്ങിൻ തോപ്പുകളും റബ്ബർതോട്ടങ്ങളും വിശാലമായ പച്ച പരവതാനികൾ വിരിച്ച് നിൽക്കുന്ന പാടശേഖരങ്ങളും തോടുകളും കടന്ന് ഏകദേശം രണ്ട് കിലോമീററോളം മുന്നോട്ട് നീങ്ങിക്കഴിഞ്ഞിരുന്നു.

സന്ധ്യയാകാറായിട്ടും റേഷൻകടയിൽ അരിയും പഞ്ചസാരയും വാങ്ങിയ്ക്കുവാൻ പോയ സ്റ്റീഫനെ കാണാതിരുന്നിട്ട് അവസാനം ദേഷ്യം വന്ന് ലോനപ്പൻ ചേട്ടൻ അന്വേഷിച്ചിറങ്ങി. വഴിയിൽ ആദ്യം കണ്ട പ്രായം ചെന്ന എസ്തപ്പാൻ ചേട്ടനോട് ചോദിച്ചു. ചേട്ടാ ഞങ്ങളുടെ സ്റ്റീഫനെ എങ്ങാനും ഇത് വഴി കണ്ടോ? അവൻ ഓണാഘോഷയാത്രയിൽ പുലിയായിട്ട് പോയിട്ടുണ്ടല്ലോ. എസ്തപ്പാൻ ചേട്ടൻ പറഞ്ഞു. അത് കേട്ടതും ലോനപ്പൻ ചേട്ടന്റെ ദേഷ്യം ഇരട്ടിച്ചു. റേഷൻകടയിൽ പോകാൻ പറഞ്ഞിട്ട് അവൻ പുലികളിയ്ക്കാൻ പോയേക്കുന്നു എന്ന് സ്വയം പറഞ്ഞുകൊണ്ട്. അടുത്തുള്ള വേലിയിൽ നിന്നിരുന്ന ശീമക്കൊന്നയുടെ വടി ഒടിച്ച് ഞങ്ങളുടെ പിന്നാലെ പാഞ്ഞു. ചിന്തിന്റെ താളത്തിനൊ ത്ത് ഓണപ്പാട്ടും ചെണ്ടയുടെ താളത്തിനൊത്ത് പുലികളിയും എന്ന രീതിയിൽ ഓണാഘോഷയാത്ര വമ്പിച്ച ജനാവലിയുടെ സാനിധ്യത്തിൽ കൂട്ടാടം എന്ന പേരിലറിയപ്പെടുന്ന വലിയ പാടശേഖരം പിന്നിട്ടുകൊണ്ട് പൂതംകുറ്റിയിലേക്ക് കടക്കുവാൻ തുടങ്ങുകയായിരുന്നു. പുലി വരുന്നേയ്... പുലി... ആളുകൾ ആർപ്പുവിളിച്ചുകൊണ്ടേയിരുന്നു. പുലികളിയുടെ പിന്നിലെത്തിയ ലോനപ്പൻ ചേട്ടൻ ഒരുകയ്യിൽ സഞ്ചിയും മറ്റേകയ്യിൽ റേഷൻ കാർഡുമായ് തുള്ളുന്ന പുലിയെ കണ്ടപ്പോഴേ മനസിലായത് അത് സ്റ്റീഫനാണെന്ന്. ചെണ്ടമേളവും ചിന്തിനൊത്തുള്ള ഓണപ്പാട്ടും പുലി വരുന്നേയ് പുലി എന്നുള്ള ആർപ്പുവിളികളും കേട്ട് കലിയിളകിയ ലോനപ്പൻ ചേട്ടൻ സ്റ്റീഫന്റെ പുറകിലെത്തിയതും ശീമക്കൊന്നയുടെ വടികൊണ്ടുള്ള അടി വീണ തും ഒരുമിച്ചായിരുന്നു. എന്റമ്മോ... പുലിയായ് നിന്നിരുന്ന സ്റ്റീഫൻ ഉച്ചത്തിൽ അലറിക്കരഞ്ഞു. വേദനക്കൊണ്ട് പുളഞ്ഞ് എന്താണ് സംഭവിച്ചതെന്നറിയാൻ തിരിഞ്ഞ് നോക്കിയപ്പോൾ തൊട്ട് പുറകിൽ കലിപൂണ്ട് നിൽക്കുന്ന അപ്പച്ചൻ. അപ്പച്ചനെകണ്ടതും സ്റ്റീഫൻ പാടത്തേക്ക് എടുത്ത് ചാടി അപ്പൻ വരുന്നേയ്... അപ്പൻ എന്ന് വിളിച്ച് പറഞ്ഞുകൊണ്ട പാടം ഒരു റോഡാക്കിക്കൊ് കിട്ടാവുന്ന വേഗതയിൽ ഓടി. പാടത്തിന്റെ അപ്പുറത്ത് എത്തിയ സ്റ്റീഫൻ ആദ്യം കണ്ട കൂട്ടുകാരന്റെ സൈക്കിൾ എടുത്ത് അതിൽ കയറി റേഷൻ കടയിലേക്ക് പാഞ്ഞു.

വഴിയിൽ നിന്നിരുന്ന ആളുകൾ ഞെട്ടി. സൈക്കിളിൽ ഒരു പുലി പാഞ്ഞ് പോകുന്നു. റേഷൻ കടയിലെത്തിയ സ്റ്റീഫൻ പറഞ്ഞു. ... ഓണത്തിന് വന്നിരിക്കുന്ന പഞ്ചസാരയും അരിയും പെട്ടെന്ന് വേണം. അപ്പൻ പുറകിലുണ്ട് പ്രായം ചെന്ന കടക്കാരാനായ പൗലോസ് ചേട്ടൻ തിരിഞ്ഞ് നോക്കിയതും, അലറിക്കൊ് പുറകിലേക്ക് ചാടി. പുലി റേഷൻ കടയിൽ ! കുറച്ച് സമയത്തിന് ശേഷമാണ് കടക്കാരന് മനസ്സിലായത്. ഇത് പുലിയല്ല പുലിയുടെ വേഷം കെട്ടിയ ആളാണെന്ന്. എന്താണ് സംഭവിച്ചതെന്നറിയാൻ കടക്കാരനും കടയിൽ വന്നിരുന്ന ആളുകളും സ്റ്റീഫനോട് കാര്യങ്ങൾ തിരക്കി. ചുരുങ്ങിയ സമയത്തിനുള്ളിൽ നടന്ന കാര്യങ്ങൾ പറഞ്ഞ് തീർന്നപ്പോഴേയ്ക്കും റേഷൻകടയിൽ കൂട്ടച്ചിരിയുടെ ബഹളമായ്. ചിരിയുടെ ഇടയിൽ സ്റ്റീഫൻ റേഷനും വാങ്ങി സൈക്കിളിൽ വീട്ടിലേക്ക് പാഞ്ഞു. ഓണാഘോഷയാത്ര അപ്പോഴും നടന്നുകൊിരിക്കുകയായിരുന്നു. .

..പുലി വരുന്നേയ് ... പുലി... പൂയ് ഹാ ഹൊയ്...

എന്നുള്ള വിളി കേട്ടതും സ്റ്റീഫന്റെ അപ്പച്ചൻ ഉറക്കെ വിളിച്ച് പറഞ്ഞു പുലി അല്ലടാ...സ്റ്റീഫന്റെ അപ്പൻ ലോനപ്പനാടാ ലോനപ്പൻ... അവിടെയും കൂട്ടച്ചിരി മുഴങ്ങി. രസകരമായ ഈ ഓണാഘോഷയാത്ര എല്ലാക്കൊല്ലവും ഓണം വരുമ്പോൾ ഞങ്ങൾ ഓർക്കും.

കൊല്ലങ്ങൾ കടന്ന് പോയി. കൂട്ടുകാരും വലുതായി. പലരും ജോലി ലഭിച്ച് അന്യരാജ്യങ്ങളിൽ ജോലി നോക്കുന്നു. ഞാൻ ഇവിടെയും.

# www.angamalynri.com




## അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ ഔദ്യോഗിക വെബ്സൈറ്റ്

അങ്കമാലി എൻ.ആർ.ഐ. അസോസിയേഷനു വേണ്ടി Website തയ്യാറായി. സഹവർത്തിത്വത്തിനും ആശയ വിനിമയത്തിനും ഇത് ഉതകുന്നതോടൊപ്പം സേവനത്തിന്റേയും സഹായത്തിന്റേയും കൂടുതൽ മേഖലകൾ സാങ്കേതിക വിദ്യയുടെ ഈ ഉപയോഗം തുറന്നുതരുന്നു.

### Website ൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന വിവരങ്ങൾ



News update related to Angamaly and UAE
Informations about Municipality / Panchayath including Name and Address of important institutions
Online registration for membership
Legal helpcell
Job Vacancies
Real Estate
Matrimonial
Information about Goverment organisations related to NRIs
Information about Angamaly NRI associations in other companies
Photo Gallery


*Keep Using Our Website*

www.angamalynri.com



NOW IN AL AIN
AL ANSARI EXCHANGE BUILDING
Help Line :
SAUDI + 966 55 4 070045
UAE + 971 50 1 747 600
INDIA +919947881111
Everlasting Youthfulness with Western Technology
THE ULTIMATE HAIR SOLUTION AGAINST BALDNESS WITH WESTERN TECHNOLOGY THROUGH BROTHERS GULFGATE
Brothers Gulfgate™
HAIR CARE CENTRE
Brothers group of companies
AL -AIN
03 7 667 955
050 1 622 655
SHARJAH
06 5 632 789
H. O. SHARJAH, ALLUKAS CENTER BUILDING, 4 TH FLOOR

# ഓണം



മലയാളി മനസിന്റെ
പൂക്കാലമാണീ ഓണം
കളിയും ചിരിയുമായ്
ഈ പത്തു നാൾ വരവായ്

കാലം പഴകിയ നാൾ മുതല്
ഓണം നമ്മുടെ കൂട്ടാളി
കൂടെ കളിക്കും കൂട്ടർക്കെല്ലാം
ഓണം തന്നെ അമൃതൂണ്

തുമ്പപൂപറിച്ചു നടക്കും
പൂക്കൾ തേടി പാഞ്ഞുനടക്കും
കയ്യിൽ കിട്ടിയ പൂക്കളാകെ
മുറ്റത്താകെ വരച്ച് ഒരുക്കാം

പഴമയിൽ കുളിർത്ത സദ്യാവട്ടവും
പെരുമയിൽ കുളിർത്ത പൊന്നിൻ പുടവ
ആഘോഷിക്കാം പൂവിൻ സ്മൃതി
ഓണം മനസിൻ പൂക്കാലം

നാടൻ പാട്ടും ഓണപ്പാട്ടും
തൻമയ കേരളത്തനിമയുമായ്
ആഘോഷിക്കും ഏവർക്കും
ഓണം തന്നെ പൊന്നോണം

**അജോ ജോസഫ്**

സന്തോഷപ്രദമായ ഓണം JRG നേരുന്നു...

JRG
|Capital Benefits|™

We Offer : Online Commodity Futures & Options Trading

Mobile Trading • Internet Trading • Indoor Trading Terminals

Please Contact:

Website: www.jrg.co.in
Email: jrg@jrgmiddleeast.ae

JRG METALS & COMMODITIES DMCC
P.O. Box: 58124, Tel: +971 4 3327280, Fax: +971 4 3327281
Suite No. 503, City Tower - 1, Sheikh Zayed Road



# EXECUTIVE COMMITTEE



Biju Abel Jacob
President



V. B. V. Nair
Gen. Secretary



Augustine Thekkan
Treasurer



Baby P.O.
Vice President



Roy Xavier
Jt. Secretary



Jacob. M.J.
Jt. Treasurer

# EXECUTIVE COMMITTEE MEMBERS



Antony P.C.



C.K. Simon



Robin Augustine



Thomas O.P.



Saji K. Chakko



Gijo Manavalan

# PANCHAYATH CO-ORDINATORS



Baby Kuriakose
Angamaly



Jojo Chakko
Ayyampuzha



Santhosh T.G.
Kanjoor



Joseph. P.P.
Kalady



Denny Varghese
Karukutty



Jackson Chacko
Koratty



Vinu John
Mala-Neeleeswaram



Poulose Vallooran
Manjapra



Joy Varghese
Mookkannur



Martin Y. Arackal
Nedumbassery



Jestine Thomas
Parakkadavu



Joseph Sebastine
Sreemoolanagaram



Anil Kumar
Thuravoor

# ANGAMALY NRI ASSOCIATION
## Executive Committee Members 2007

| | DESIGNATION | NAME | MOBILE NO. |
|---|---|---|---|
| 1. | President | Biju Abel Jacob | 050 3031575 |
| 2. | Vice President | Baby. P.O. | 050 7683510 |
| 3. | General Secretary | V.B.V. Nair | 050 4572793 |
| 4. | Joint Secretary | Roy Xavier | 050 7323725 |
| 5. | Treasurer | Augustine Thekkan | 050 8504567 |
| 6. | Joint Treasurer | Jacob. M.J. | 050 6769272 |

### PANCHAYATH CO-ORDINATORS

| | | | |
|---|---|---|---|
| 1. | Karukutty | Denny Varghese | 0502178948 |
| 2. | Parakkadavu | Jestine Thomas | 050 6562790 |
| 3. | Manjapra | Poulose Vallooran | 050 2697266 |
| 4. | Angamaly | Baby Kuriakose | 050 5753262 |
| 5. | Thuravoor | Anil Kumar | 050 5593736 |
| 6. | Nedumbassery | Martin. Y. Arackal | 055 4757691 |
| 7. | Mala-Neeleswaram | Vinu John | 050 4209449 |
| 8. | Mookkannur | Joy Varghese | 050 5491655 |
| 9. | Kalady | Joseph P.P | 050 5981232 |
| 10. | Kanjoor | Santhosh. T.G. | 050 3469650 |
| 11. | Sreemoolanagaram | Joseph Sebastine | 050 5503229 |
| 12. | Koratty | Jackson Chacko | 050 5642936 |
| 13. | Ayyampuzha | JoJo Chacko | 050 3031593 |

### NOMINATED EXECUTIVE COMMITTEE MEMBERS

| | | |
|---|---|---|
| 1. | Antony P.C. | 050 4562164 |
| 2. | Simon Angamaly | 050 6570346 |
| 3. | Robin Augustine | 050 7576821 |
| 4. | Thomas. O.P | 050 4912825 |
| 5. | Saji Chacko | 050 6756281 |
| 6. | Gijo Manavalan | 050 4546879 |

# ഇന്ത്യൻ ജനാധിപത്യവും ഭരണഘടനയും



അഡ്വ. പൗലോസ് വല്ലൂരാൻ

ഇന്ത്യ ഒരു പരമാധികാര സോഷിലിസ്റ്റ് മതേതര, ജനാധിപത്യ, റിപ്പബ്ലിക്ക് ആണെന്ന വിവരം നമ്മുക്കെല്ലാം അറിവുള്ളതാണല്ലോ. ലോകത്തിലെ എഴുതപ്പെട്ട ഭരണ ഘടനകളിൽ ഏറ്റവും വലുതായ ഇന്ത്യൻ ഭരണഘടനയുടെ മുഖവുരയിൽ ഈ 5 മഹത്തായ കാര്യങ്ങൾ ആ ലേഖനം ചെയ്യപെട്ടിട്ടുണ്ട്. ഡോ: ബി.ആർ. അംബേദ്കറിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട ഭരണഘടന ഡ്രാഫ്റ്റ്ങ്ങ് കമ്മിറ്റി 1949 നവംബറിലാണ് ഭരണഘടന രാഷ്ട്രത്തിന് സമർപ്പിച്ചത്. 22 ഭാഗങ്ങളിലായി 395 ആർട്ടിക്കിളും 12 ഷെഡ്യൂളുമാണ് ഇന്ത്യ ഭരണഘടനയുടെ സംഗ്രഹം 1950 ജനുവരി 26 മുതൽ പ്രാബല്യത്തിൽ വന്ന ഭരണ ഘടനയിൽ നാളിതുവരെ 94 ഭേദഗതികൾ ഇന്ത്യൻ പാർലമെന്റ് നടത്തിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. നിലവിലുള്ള പല ഭരണ വ്യവസ്ഥിതികളിൽ ഏറ്റവും മനോഹരവും, ചൂഷണ രഹിതവും, നീതിമുക്തവും, സ്വതന്ത്ര്യവും തുല്യതയും, സഹോദര്യവും, എല്ലാവിഭാഗം ജനങ്ങൾക്കും പരിരക്ഷയും നൽകുന്ന ഒരു ജനാധിപത്യ വ്യവസ്ഥിതിയാണ് നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നത്. ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തെരെഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണകൂടമാണല്ലോ ജനാധിപത്യത്തിന്റെ പരമാധികാരി.


ഇന്ത്യൻ ഭരണ ഘടനയിൽ ജനാധിപത്യ വ്യവസ്ഥിതി രൂപപെടുത്തുന്നത് സംബന്ധിച്ച് വളരെ വ്യക്തമായി നിർവചിക്കപെട്ടിട്ടുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയുടെ നിർമ്മിതിക്ക് 3 നെടുതൂണുകളുടെ അനിവാര്യതയാണ് ഭരണഘടന ചൂണ്ടികാണിക്കുന്നത്.

1. പാർലമെന്റ്
2. എക്സിക്യൂട്ടീവ്
3. ജുഡീഷ്യറി

ഈ മൂന്ന് ഭരണഘടന സ്ഥാപനങ്ങളും സ്വതന്ത്രമായും നിഷ്പക്ഷമായും അവയുടെ അധികാരധർമ്മങ്ങൾ നിറവേറ്റുന്നത് സംബന്ധിച്ച് വളരെ സുവ്യക്തമായി ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുണ്ട്. നിർവചിക്കപെട്ട അധികാര അവകാശങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടും അതിക്രമിച്ചു കടക്കാതെ പരസ്പര ബഹുമാനത്തോടെ സൗഹാർദ്ദത്തോടുകൂടി ഈ മൂന്ന് സ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടതാണ്. പ്രാഥമികമായി പാർലമെന്റിന് നിയമനിർമ്മാണവും എക്സിക്യൂട്ടീവിന് അത് നട



# Message

ശ്രീമതി ലില്ലി രാജു
മുനിസിപ്പൽ ചെയർപേഴ്സൺ
അങ്കമാലി നഗരസഭ


Res : 2453715
Off : 2452867, 2452551
Mob : 9349253934

തീയതി 16.8.07

ആശംസകൾ

LILLY RAJU
CHAIR PERSON
ANGAMALY MUNICIPALITY





പി. ബി. സന്ധ്യ
പ്രസിഡന്റ്
പെരിലപറമ്പൻ വീട്,
വെറ്റിലപ്പാറ (എ)
കാലടി പ്ലാന്റേഷൻ പി. ഒ
Mob : 9446231884

അയ്യമ്പുഴ ഗ്രാമപഞ്ചായത്താഫീസ്
അയ്യമ്പുഴ പി.ഒ., മഞ്ഞപ്ര (വഴി)
അയ്യമ്പുഴ പി.ഒ., എറണാകുളം ജില്ല
പിൻ 683 581, എറണാകുളം ജില്ല
ഫോൺ : 0484 2696690

Date ..........

Ref :



Message

പ്പിലാക്കലും, ജൂഡീഷ്യറിങ്ങ് നിയമപരിപാലനവുമാണ് പ്രധാനകർത്തവ്യം. അതായത് ഭരണ ഘടനാനുസൃതമായി പാർലമെന്റ്/നിയമസഭകൾ ഉണ്ടാകുന്ന നിയമങ്ങൾ നടപ്പിലാക്കുന്നചുമതലയാണ് എക്സീക്യൂട്ടീവിനെങ്കിൽ ജൂഡീഷ്യറിക്ക് ഇന്ത്യയിലെ എല്ലാ നിയമങ്ങളുടെയും അമ്മയായ ഭരണഘടനക്ക് വിധേയമായാണ് അവ ഉണ്ടാക്കിയിരിക്കുന്നത് എന്ന് പരിശോധിച്ച് നടപ്പിലാക്കാനുള്ള ചുമതലയാണുള്ളത്.

നിയമത്തിന് പരമ പ്രധാന്യം കൊടുത്ത് കൊണ്ട് നിയമത്തിന് മുമ്പിൽ എല്ലാ സ്ഥാപനങ്ങളും എല്ലാ വിഭാഗം ജനങ്ങളും സമന്മാരാണെന്ന കാഴ്ചപാടാണ് ഇവിടെ വ്യക്തമാകുന്നത്. ചുരുക്കിപറഞ്ഞാൽ നിയമ വാഴ്ച നിലനിൽക്കുന്ന ജനാധിപത്യവ്യവസ്ഥിതിയിൽ എഴുതപ്പെട്ട നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്ന്കൊണ്ട് ഈ മൂന്ന് ഭരണ ഘടനസ്ഥാപനങ്ങളും സൗഹാർദ്ദത്തോടെ പ്രവർത്തിക്കേണ്ടതാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് പോലും വിശേഷിപ്പിക്കപെടുന്ന നമ്മുടെ പാർലമെന്റ് ഭരണാനുസൃതമായി ഉണ്ടാകുന്ന നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ എക്സീക്യൂട്ടീവിനും ജൂഡീഷിറിക്കും പ്രവർത്തിക്കാനാകൂ. അതാണ് ജനാധിപത്യത്തിന്റെ മികവും പകിട്ടും.

നിയമ വാഴ്ചയിൽ മുന്നേറേണ്ട ജനാധിപത്യവ്യവസ്ഥിതിയിൽ ജനക്ഷേമകരവും നിയമസാധുതയുള്ള നിയമങ്ങൾ ഉാകേ പ്രധാന കർത്തവ്യമാണ് പാർലമെന്റിനും നിയമ സഭകൾക്കും നൽകിയിട്ടുള്ളത്. അങ്ങനെ നിയമങ്ങൾ ഉണ്ടാക്കപെടുന്നില്ലെങ്കിൽ എക്സിക്യൂട്ടീവിൽ നിന്നും, ജൂഡീഷ്യറിയിൽ നിന്നും ഉണ്ടാകുന്ന പ്രതിഫലനങ്ങൾ സമൂഹത്തിന് മൊത്തത്തിൽ ഗുണകരമാക്കുകയില്ല. അതുകൊണ്ട് സത്യസന്ധതയും, ആത്മാർത്ഥതയും വിവരവും, വിവേകവുമുള്ളവരെ പാർലമെന്റിലേക്കും നിയമസഭകളിലേക്ക് തെരെഞ്ഞെടുക്കേണ്ടത് നമ്മുടെ ഒരോരുത്തരുടെയും കടമയാണ്.

ജനാധിപത്യ വ്യവസ്ഥിതിയിൽ എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾ സുതാര്യവും ജനനന്മയെലാക്കാക്കികൊണ്ടുമാകേണ്ടതാണ് ഏകാധിപത്യ പ്രവണതയോടെ നിയമങ്ങൾ അടിച്ചേൽപിക്കുന്ന രീതി ഭരണകർത്താക്കൾക്ക് ഭൂഷണമല്ലേ സമൂഹത്തിന്മാതൃകയായിവാക്കിലും പ്രവർത്തിയിലും യോജിച്ച് പ്രവർത്തിക്കേവരാണ് ജനാധിപത്യത്തിലെ നേതാക്കൻമാർ. ഈ വ്യവസ്ഥിതിയുടെ കണ്ണാടിയാണ് എക്സിക്യൂട്ടീവെന്നും നമ്മുക്കു വിശേഷിപ്പിക്കാം. ഇവരുടെമനോഭാവത്തിന്റെയും പ്രവർത്തനങ്ങളുടെയും പ്രതിഫലനമാണ് ജനാധിപത്യത്തിന്റെ നിലനിൽപിന് തന്നെ ആധാരം.

ജൂഡിഷ്യറിനിഷ്പക്ഷമായും, സ്വതന്ത്രമായും, ഉണ്ടാക്കപ്പെട്ട നിയമങ്ങൾക്കനുസൃതമായി, നീതി നിർവ്വഹണം നടത്തേണ്ടതാണ്. ഭൂരിപക്ഷമെന്ന അഹങ്കാരത്തോടെ പാർലമെന്റ്/നിയമസഭകളും ഉണ്ടാക്കുന്ന നിയമസാധ്യതയില്ലാത്തകരിനിയമങ്ങൾ റദ്ദു ചെയ്യേപെടേണ്ടത് ജൂഡീഷ്യറിയുടെ അത്യന്തികമായ കടമയാണ് ജനാധിപത്യത്തെ കാവൽഭടനെ പോലെ കാത്തു സൂക്ഷിച്ച് സംരക്ഷിക്കേണ്ട ചുമതലയാണ് ജൂഡീഷ്യറിക്ക് സമൂഹത്തിനും, എല്ലാ ഭരണ ഘടനസ്ഥാപനങ്ങൾക്കും നിയമ പരിരക്ഷ ഉറപ്പക്കേണ്ടതും ജൂഡീഷ്യറിയാണ്. ഇതിന്റെ വിശ്വസ്ഥതക്ക് കോട്ടം തട്ടാത്ത, നീതി നിർവ്വഹണം നടത്തേണ്ടത് ജൂഡീഷിറിയുടെ ഉത്തരവാദിത്തമാണ്.

ഇന്ത്യൻ ജനാധിപത്യത്തിന് അതീവഗുരുതരമായ ഭീഷണിയൊന്നും ഇതുവരെ നേരിടേിവന്നിട്ടില്ല. വളരെയധികം വൈവിധ്യം നിറഞ്ഞ ഇന്ത്യൻസമൂഹത്തിൽ നമ്മുടെയെല്ലാം സഹകരണത്തിന്റെ സഹിഷ്ണതയുടെയും, സഹോദര്യമനോഭവത്തിന്റെ ഫലമായി ലോകത്തിനുതന്നെ മാതൃകയാകുന്ന ഒരു ജനാധിപത്യ വ്യവസ്ഥിതി ഇവിടെ രൂപപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യക്ക് വളരെയധികം പുരോഗതി നേടാൻ കഴിഞ്ഞതിൽ നമ്മുക്ക് അഭിമാനിക്കാം. കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങളുമായി ഇന്ത്യയിലെ എല്ലാവിഭാഗം ജനങ്ങൾക്കും സാമൂഹ്യ സാമ്പത്തിക, വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ തുല്യനീതി ലഭിക്കാനുതകുന്ന ഇന്ത്യൻ ഭരണഘടനവിഭാവനം ചെയ്യുന്ന ജനാധിപത്യ വ്യവസ്ഥിതിയിലേക്ക് നമുക്കൊരുമിച്ച് യാത്ര തുടരാം. ■



# Message



ബേബി പൗലോസ്
പ്രസിഡന്റ്
മെമ്പർ, വാർഡ് 5
പാലേലി വീട്
മാണിക്ക്യമംഗലം പി. ഒ.
Ph : 0484 – 2460115
Mob : 99473 64844

കാലടി ഗ്രാമ
പഞ്ചായത്ത് കാര്യാലയം
(സ്പെഷ്യൽ ഗ്രേഡ്)
കാലടി പി. ഒ.
ഫോൺ : 0484 – 2462394

തീയതി : 15-8-07

പ്രിയ സുഹൃത്തുക്കളെ,

"ദൈവത്തിന്റെ സ്വന്തം നാട്" എന്നഭിമാനിക്കുന്ന കേരളത്തിൽ മാത്രം സ്വന്തമായ ഓണാഘോഷനാളുകൾ കേരളത്തിലെ മലയാളികളുടെ സ്നേഹം, ഐക്യമത്വം, വിശ്വാസം എന്നീ ഗുണങ്ങൾ മതൈക്യത്തോടെ കേരളസംസ്കാരത്തെ സ്മരണകളിൽ നിന്നകലാതെ ഉദ്ബോധിപ്പിക്കുന്നതിന് ഈ ആഘോഷവേളയിൽ സാധിക്കട്ടെ. NRI അസോസിയേഷന് ആശംസകളും നേർന്നുകൊണ്ട് കാലടി സിറ്റിയിലെ സുഹൃത്തുക്കൾക്കുവേണ്ടി കാലടി പ്രസിഡണ്ട് ...

Baby

PRESIDENT
Kalady Grama Panchayat





കെ. പൊന്നപ്പൻ
പ്രസിഡന്റ്
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
ഫോൺ : 0484-2462254

കുളങ്ങര (ഹൗസ്)
പാറപ്പുറം പി. ഒ.,
പിൻ - 683 593
ഫോൺ : 0484-2465082

തീയതി..........

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ തരിശ് കിടന്നിരുന്ന കാർഷികമേഖലയെ പുനർജീവിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് - വിശേഷിച്ച് നെൽകൃഷിക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിയിട്ടുള്ളത്. വർഷങ്ങളായി കൃഷിചെയ്യാതെ തരിശായി കിടന്ന നെൽപ്പാടങ്ങൾ കൃഷി ചെയ്യുന്നതിനുള്ള വിത്തും, വളവും സൗജന്യമായി നൽകുന്നു. ആയതിലൂടെ കുടുംബശ്രീകൾ, കർഷകർ, കൃഷിക്ക് തയ്യാറായി മുന്നോട്ടുവരുന്നു. അതോടൊപ്പം നീർത്തടങ്ങളെ സംരക്ഷിച്ചുകൊണ്ട് ഇടവിള കൃഷിചെയ്യുന്നതിന് പരിപാടി ഇട്ടിരിക്കുന്നു.

കുടുംബശ്രീകളെ ശക്തിപ്പെടുത്തിക്കൊണ്ട് വരുമാനം ഉണ്ടാകുന്ന തൊഴിൽ സാധ്യതകൾ ഉണ്ടാക്കി വരുമാനം ഉണ്ടാകുന്നതിനും പരിപാടി ... ഉല്പാദനം ഉണ്ടാക്കുന്നതിനും, പലചരക്ക് ... നെൽകൃഷി, മണ്ണിര കമ്പോസ്റ്റ്, ... നടപ്പാക്കിവരുന്നു. ... റെഡിമെയ്ഡ് സാധനങ്ങൾ ഉണ്ടാക്കി വിൽപ്പന, വ്യാപാരം, മുയൽ വളർത്തൽ, ആടുവളർത്തൽ, പശുവളർത്തൽ, ... തുടങ്ങിയവ നടത്തിവരുന്നു. ... പഞ്ചായത്ത് ... വികസന ... 53 ലക്ഷം രൂപയുടെ ... ഈ ... മൂന്ന് വർഷംകൊണ്ട് ... കോളേജ് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു.

... രൂപ ചിലവുവരുന്ന കോളേജ് നടപ്പാക്കിയെങ്കിലും. അതോടൊപ്പം ഒരു കുടുംബത്തിന് ... വീടുവെച്ച് നടത്തിവരുന്നു. ജില്ലയിൽ ആദ്യമായി ... നടപ്പാക്കിയതിന് 10 ലക്ഷം രൂപ ചെലവു വന്നിട്ടും കിട്ടിയിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വത്തിന് വളരെ പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തനം നടത്തിവരുന്നു. മികച്ച പ്രവർത്തനം നടത്തിയതിന് ബഹു: ഇന്ത്യൻ പ്രസിഡന്റിൽ നിന്ന് നിർമ്മൽ പുരസ്കാരവും, സംസ്ഥാന സർക്കാരിന്റെ പ്രശസ്തിപത്രവും, ജില്ലാ- ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കൂടാതെ വൃദ്ധർക്കുവേണ്ടി പകൽവീട്, കോളേജ് ആരംഭിക്കാൻ പോകുന്നു. രണ്ടു കേന്ദ്രങ്ങളിലായി ഇവർക്ക് ആവശ്യമായ ചായയും ഭക്ഷണവും പകൽ സമയങ്ങളിൽ അവർക്ക് നല്കുന്നതിന് മൂന്ന് ലക്ഷം രൂപ വകയിരുത്തി അടുത്ത ആഴ്ചയിൽ ആരംഭിക്കാൻ പോകുന്നു.

(ഒപ്പ്)

Message

# അങ്കമാലിയിൽ സമഗ്ര

# എൻ.ആർ.ഐ. സർവ്വേ



അങ്കമാലി എൻ.ആർ.ഐ. അസോസിയേഷൻ ഈ വർഷം പദ്ധതിയിടുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സമഗ്ര എൻ.ആർ.ഐ. സർവ്വേ. നമ്മുടെ നാട്ടിൽനിന്ന് ഇന്ത്യയിൽ നിന്നാകമാനം തന്നെ എത്രപേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നു എന്നതിനെ പറ്റി ആരുടെ പക്കലും ആധികാരിക രേഖകളില്ല. ഏകദേശ കണക്കുകളുടെ കളി പലപ്പോഴും വലിയ അബദ്ധങ്ങൾ സൃഷ്ടിക്കാറുണ്ട്.

കുവൈത്ത് യുദ്ധകാലത്ത് തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കാൻ ഇന്ത്യ തീരുമാനിച്ചപ്പോൾ ഈ കണക്കില്ലായ്മ കുഴപ്പം സൃഷ്ടിച്ചതാണ്. അതു മാത്രമല്ല, നമ്മുടെ അയൽപക്കത്തുനിന്നും ചുറ്റുപാടുനിന്നുമൊക്കെ ആരൊക്കെ എവിടെയൊക്കെ തൊഴിലെടുക്കുന്നു എന്നറിഞ്ഞിരുന്നാൽ ഗുണകരമായ ഒരു പാട് കാര്യങ്ങൾ നമുക്ക് ചെയ്യാനാകും. ഇൻഷൂറൻസ് പരിരക്ഷയും ക്ഷേമനിധിയും മുതൽ സാധ്യതകളേറെ. പൊതുനിക്ഷേപസംരംഭത്തിൽ പങ്കാളിത്തം ഉറപ്പുവരുത്താനും, ആശയവിനിമയം പരാതിയില്ലാതെ നിർവ്വഹിക്കുവാനും ഈ രേഖക്കു കഴിയും.

മറ്റു രാജ്യങ്ങളിലെ നമ്മുടെ കൂട്ടായ്മകൾ സംരംഭത്തിന് സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. വീടുവീടാന്തരം കയറിയിറങ്ങി, ഒരു പ്രൊഫഷണൽ രൂപത്തിൽ തന്നെയാണ് സർവ്വേ നടത്താൻ പദ്ധതിയിടുന്നത്. ഇതിന് ഏതെങ്കിലും ഏജൻസിയുടെ സഹായവും തേടുന്നുണ്ട്. സംസ്ഥാനത്ത് ഇത്തരമൊരാശയം ആദ്യമായി നടപ്പാക്കുന്ന സ്ഥലം കൂടിയായിരിക്കും അങ്കമാലി.

കുവൈത്ത് യുദ്ധകാലത്ത് തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കാൻ ഇന്ത്യ തീരുമാനിച്ചപ്പോൾ ഈ കണക്കില്ലായ്മ കുഴപ്പം സൃഷ്ടിച്ചതാണ്. അതു മാത്രമല്ല, നമ്മുടെ അയൽപക്കത്തു നിന്നും ചുറ്റുപാടുനിന്നുമൊക്കെ ആരൊക്കെ എവിടെ യൊക്കെ തൊഴിലെടുക്കുന്നു എന്നറിഞ്ഞിരുന്നാൽ ഗുണകരമായ ഒരു പാട് കാര്യങ്ങൾ നമുക്ക് ചെയ്യാനാകും.

# Message



അഡ്വ: കെ. കെ. ഷിബു
പ്രസിഡന്റ്
കറുകുറ്റി ഗ്രാമപഞ്ചായത്ത്
കറുകുറ്റി - 683 576

കുറുവിളത്ത് ഹൗസ്, പാലിശ്ശേരി
ഫോൺ : 0484 - 2450458 (റസി.)
98467 32226 (മൊബൈൽ)
2612231 (ഓഫീസ്)

നമ്പർ P1/1/07

തീയതി 13/8/07

ഓണാശംസകൾ

കേരളത്തിന്റെ ദേശീയോത്സവമായ ഓണം [illegible] മലയാളികൾക്കും ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മയാണ്. പൂക്കളും പൂവിളിയും [illegible] ഓണസദ്യയും ഊഞ്ഞാലും [illegible] സമൃദ്ധമായ പൊന്നോണം, [illegible] മിടയിൽ [illegible] നഷ്ടമാകുമ്പോൾ, മറുനാട്ടിലി- [illegible] മലയാളികൾ മാമലനാടിന്റെ നന്മ [illegible] കൊണ്ടാടുമ്പോൾ, [illegible] ഓണാശംസ- കൾ നേരുന്നു.

സ്നേഹാദരങ്ങളോടെ

Adv. K.K. SHIBU
President
Karukutty Grama Panchayath

GRAMA PANCHAYAT OFFICE, KARUKUTTY * 683 576 *





ഫോൺ : 0480 - 2732054

കൊരട്ടി ഗ്രാമപഞ്ചായത്ത്
കൊരട്ടി പി.ഒ., തൃശൂർ ജില്ല - 680 308

നമ്പർ : പി.ബി.റ്റി 236/07

തിയ്യതി 4.8.07

ഓണാശംസകൾ

ഐശ്വര്യത്തിന്റേയും, സമൃദ്ധിയുടെയും, സമാധാനത്തിന്റേയും സന്ദേശവുമായി ഒരു ഓണക്കാലം കൂടി വരവായി. നമ്മുടെ നാടിന്റെ നന്മയും, ഒരുമയും മനസ്സിൽ സൂക്ഷിച്ച് കേരളത്തിലെന്ന പോലെ യു.എ.ഇ യിലും നടത്തുന്ന ഓണാഘോഷ പരിപാടികൾക്ക് നേതൃത്വം നൽകുന്ന യു.എ.ഇ / അങ്കമാലി എൻ.ആർ. ഐ അസോസിയേഷൻ ഭാരവാഹികൾക്കും, എല്ലാ അംഗങ്ങൾക്കും കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ പേരിൽ വിജയം ആശംസിക്കുന്നു. എല്ലാവർക്കും ഓണാശംസകൾ നേർന്നുകൊണ്ട്

സ്നേഹപൂർവ്വം
ലീല സുബ്രഹ്മണ്യൻ
(പ്രസി.)

SPECIAL GRADE KORATTY GRAMA PANCHAYAT * P.O KORATTY, TCR. *

Message



ഒ.പി. തോമസ്
കൺവീനർ ജീവകാരുണ്യനിധി.

# കാരുണ്യത്തിന്റെ വെട്ടവുമായി ‘അൻറിയ’

അങ്കമാലി അസ്സോസിയേഷൻ അനുദിനം അതിന്റെ പുതിയ പുതിയ പ്രവർത്തനമേഖലയിലൂടെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. മരണപ്പെടുന്ന അസ്സോസിയേഷൻ അംഗങ്ങളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി നമുക്ക് ഇപ്പോൾതന്നെ നിലവിലുണ്ട്.

ഭാരവാഹിയായിരുന്ന ചുരുങ്ങിയ കാലത്തിനുള്ളിൽതന്നെ കൊച്ചു കൊച്ചു സഹായങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഇവിടെനിന്നും, നാട്ടിൽ നിന്നും ഒത്തിരി അന്വേഷണങ്ങൾ എനിക്കും ലഭിക്കുകയുണ്ടായി. നിർഭാഗ്യവശാൽ സംഘടനയുടെ നിലവിലുള്ള ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടു ഇത്തരം അന്വേഷണങ്ങളോടു അനുഭാവപൂർവ്വം പ്രതികരിക്കാൻ കഴിഞ്ഞിട്ടില്ല എന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

ഇത്തരം നാം പരിഗണിക്കേണ്ടതും, സഹായിക്കാൻ കടപ്പെട്ടതുമായ സഹായ അഭ്യർത്ഥനകളെ അനുഭാവപൂർവ്വം കണക്കിലെടുത്തപ്പോഴാണ്, നമ്മുടെ സംഘടനയ്ക്ക് ജീവകാരുണ്യനിധി എന്ന പേരിൽ ഒരു പ്രത്യേക സഹായനിധി രൂപീകരിക്കുക എന്ന ആശയം ഉടലെടുത്തത്.

ചാരിറ്റി പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രമായി സംഘടനാംഗങ്ങളിൽനിന്നും മറ്റ് അഭ്യുദയകാംക്ഷികളിൽനിന്നും ചെറിയ ചെറിയ തുക സമാഹരിച്ച് ഒരു ഫണ്ട് രൂപപ്പെടുത്തുകയും, ഏറ്റവും അർഹതപ്പെട്ടവർക്ക് അത് നൽകുകയും ചെയ്തുകൊണ്ട് ഒരു ജീവകാരുണ്യപ്രവർത്തനത്തിന്റെ കണ്ണിയായി മാറുക എന്നതാണ് നാം ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അംഗസംഖ്യയിൽ ആയിരത്തിനടുത്തെത്തി നിൽക്കുന്ന നമ്മുടെ സംഘടനയെ സംബന്ധിച്ചിടത്തോളം കഴിവുള്ള ഓരോ അംഗങ്ങളും മാസം തോറുമോ, കഴിയുന്ന അവസരങ്ങളിലോ, ചെറിയ തുക സംഭാവന ചെയ്താൽതന്നെ ഇത്തരം കാരുണ്യപ്രവർത്തനങ്ങൾക്കായി നല്ല ഒരു തുക സംഭരിക്കാൻ നമുക്കു കഴിയും.

അങ്ങനെ നമുക്കും നമ്മാലാകുംവിധം സംഘടനയുടെ കാരുണ്യപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാം. കഷ്ടതയനുഭവിക്കുന്ന നമ്മുടെ സഹജീവികൾക്ക് അല്പമെങ്കിലും ആശ്വാസത്തിന്റെ വെട്ടം എത്തിക്കുവാനുള്ള സംഘടനയുടെ ഈ പ്രയാണത്തിൽ നാമോരോരുത്തർക്കും ഓരോ ചെറു കൈത്തിരികളായി മാറാം.



# Message



ഫോൺ : 0484 - 2462237

No.

**മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്ത്**
നീലീശ്വരം പി. ഒ., പിൻ - 683 584
എറണാകുളം ജില്ല

തീയതി 13.08.2007

പ്രേഷിതന് : സെക്രട്ടറി / പ്രസിഡന്റ്
സ്വീകർത്താവ് :
സർ / മാഡം,
വിഷയം :
സൂചന :

## ആശംസ

പ്രിയസുഹൃത്തുക്കളെ,

അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ എല്ലാ അംഗങ്ങൾക്കും എന്റെ ഓണാശംസകൾ !

അങ്കമാലി മേഖലയിൽനിന്നും യു.എ.ഇ. കേന്ദ്രീകരിച്ചുള്ള എല്ലാ മലയാളികളുടെയും ഒരുമയും ഉന്നമനവും ലക്ഷ്യം വച്ച് രൂപീകരിച്ചിട്ടുള്ള അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന് എല്ലാ വിജയാശംസകളും നേരുന്നു. കേരളത്തിന്റെയും പ്രത്യേകിച്ച് നമ്മുടെ മേഖലയിലെയും സാമ്പത്തിക മുന്നേറ്റത്തിന്റെ പ്രധാന കാരണം നിങ്ങൾ ഓരോരുത്തരുടെയും കഠിനാധ്വാനഫലമാണ്. നിങ്ങളുടെ ഈ ഉത്സാഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അതോടൊപ്പം തോമാ സ്ലീഹായുടെ പാദസ്പർശമേറ്റ അന്താരാഷ്ട്ര തീർത്ഥാനകേന്ദ്രമായ മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിലേക്ക് നിങ്ങളുടെ ഏതൊരു സംരംഭത്തിനും നിങ്ങൾ ഓരോരുത്തർക്കും പൂർണ്ണമനസ്സോടെ സ്വാഗതമോതുവാനും ഞാനീയവസരം ഉപയോഗിക്കുന്നു.

എവിടെയായിരുന്നാലും തിരുവോണം ആഘോഷിക്കാവുള്ള വിചാരവും ആഗ്രഹവും ഏതൊരു മലയാളിയുടെ മനസ്സിൽ തങ്ങി നിൽക്കുന്നു. ഇത് കണ്ടറിഞ്ഞ് നിങ്ങൾ ദുബായിൽ ഒരുക്കിയിട്ടുള്ള ഓണാഘോഷങ്ങൾ എന്തുകൊണ്ടും പ്രശംസയർഹിക്കുന്നു. ഈ പരിപാടി ആസൂത്രണം ചെയ്ത ഭാരവാഹികളെ അനുമോദിക്കുന്നതിനോടൊപ്പം ഒരിക്കൽക്കൂടി ഏവർക്കും ഓണാശംസകൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

ജോസ് മൂലൻ
പ്രസിഡന്റ്
മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്ത്

Jose Moolan
PRESIDENT
MALAYATTOOR - NEELEESWARAM GRAMAPANCHAYAT

നീലീശ്വരം ഗ്രാമപഞ്ചായത്ത് ★ നീലീശ്വരം ★






**T. P. VENU**
President
Manjapra Grama Panchayat
Manjapra P.O. - 683 581
☎ : 2690392(Offi),2690692 (Resi)
Mobile : 9447812386


**Manjapra Grama Panchayat**
Manjapra P.O., Pin - 683 581
Ernakulam (Dist)
☎ :0484 - 2690392

Date 06. 08. 2007.

Ref :

## ആശംസകൾ

യു. എ. ഇ യിൽ ജോലി ചെയ്യുന്നവരുടെ കൂട്ടായ്മ എന്ന നിലയിൽ എൻ. ആർ. ഐ അസോസിയേഷൻ രൂപീകരിച്ചതിൽ അതിയായ സന്തോഷം ഉണ്ട്.

നമ്മുടെ നാടിന്റെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങളിൽ ഈ സംഘടനയ്ക്ക് ചെയ്യാവുന്ന നിരവധി മേഖലകളുണ്ട്. ആ മേഖലകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണാഘോഷ പരിപാടികൾക്കും, എന്റെ സാധിക്കുന്ന എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം
T.P വേണു, പ്രസിഡന്റ്




# JOB CELL

# ജോബ് സെൽ

നാട്ടിലുള്ള തൊഴിലന്വേഷകർക്ക് ഇന്നും ഗൾഫ് ഒരു മോഹിപ്പിക്കുന്ന തൊഴിൽ മേഖലയാണ്. വിസിറ്റ് വിസയിൽ ജോലി തേടി ഗൾഫിലെത്തുന്നവരുടേയും നാട്ടിൽ നടക്കുന്ന ഗൾഫ് റിക്രൂട്ട്മെന്റ് ഇന്റർവ്യൂകളിൽ ക്യൂ നിൽക്കുന്നവരുടേയും എണ്ണം ദിനം പ്രതി വർദ്ധിച്ചുവരുന്നു. ഇതിനിടയിൽ വിസ തട്ടിപ്പും ജോലി തട്ടിപ്പും ഒരു സ്ഥിരം വാർത്തയായി മാറുന്നു.

ഇത്തരം ഒരു സാഹചര്യത്തിൽ തൊഴിലന്വേഷകർക്ക് ഒരു ചെറിയ സഹായമായി മാറുകയാണ് അങ്കമാലി എൻ.ആർ.ഐ. അസോസിയേഷൻ ജോബ് സെൽ രൂപീകരണം വഴി ഉദ്ദേശിക്കുന്നത്.

അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ വെബ്സൈറ്റ് വഴി നൽകപ്പെടുന്ന ഈ സേവനം പൂർണ്ണമായും സൗജന്യമായിരിക്കും. ലഭ്യമായിട്ടുള്ള ഗൾഫ് തൊഴിലവസരങ്ങൾ സൈറ്റിൽ പരസ്യപ്പെടുത്തുന്നതു വഴി വെബ്സൈറ്റിൽ അന്വേഷണം നടത്തുന്ന ഏതൊരു തൊഴിലന്വേഷകനും ആവശ്യമായ വിവരങ്ങൾ ലഭിക്കും. അതുപോലെ തന്നെ തൊഴിൽ ദായകനും ഈ ജോബ് സെൽ പ്രവർത്തനം സഹായകമാകുന്നു. ഉദ്യോഗാർത്ഥികളെ തേടുന്നവർ അതിന്റെ വിശദാംശങ്ങൾ ജോബ്സെല്ലിൽ പരസ്യപ്പെടുത്തുക വഴി അനുയോജ്യരായവരെ നിയമിക്കുവാൻ ഇത് സഹായകമാകുന്നു.



Message



ALIAKUTTY ANTONY
President
Ph.2451962(Res.)

MOOKKANNUR GRAMA PANCHAYAT
Mookkannur P.O., Pin-683 577
ERNAKULAM DIST.
Ph.0484-2615698(Off.)

Date 10-8-07

## ആശംസകൾ

യു. എ. ഇ. അങ്കമാലി എൻ. ആർ. ഐ അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം ദുബായ് കരാമാ സെന്റർ ആഡിറ്റോറിയത്തിൽ വച്ച് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. "അങ്ങ്" അകലെ നിങ്ങൾ സംഘടിപ്പിക്കുന്നഈ ഓണാഘോഷ പരിപാടികൾ "ഇങ്ങ്" ഞങ്ങളെ ഓർക്കുന്നതിന് തുല്യമായി കരുതുന്നു.

ഓണാഘോഷ പരിപാടികൾക്ക് മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ സർവ്വവിധ ആശംസകൾ സമർപ്പിക്കുന്നു.

പ്രസിഡന്റ്
PRESIDENT
Mookkannur Grama Panchayat
മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്





പി. കെ. അജിത
പ്രസിഡന്റ്:
നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്
കരിയാട് - മേയ്ക്കാട് പി. ഒ.
പിൻ: 683 589 :: ഫോൺ : 0484-2477531

പാലയ്ക്കപറമ്പിൽ വീട്
വാളേപ്പുറം- നെടുമ്പാശ്ശേരി
അത്താണി പി. ഒ. -683 585
ഫോൺ : 9847415080

തീയതി 14/8/07

To
പ്രസിഡന്റ്
അങ്കമാലി NRI അസോസിയേഷൻ

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ഒരു കൂട്ടായ്മ രൂപപ്പെടുത്തി പ്രവർത്തനമാരംഭിച്ചതിലും നാടിന്റെ വികസന ക്ഷേമ മേഖലകളിൽ ഇടപെടുന്നു എന്നറിഞ്ഞതിലും അതിയായ സന്തോഷമുണ്ട്.

ദുബായിൽ സമൂഹത്തിന് ആശ്വാസം നൽകുന്ന മാതൃകാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

അഭിവാദ്യങ്ങളോടെ

14/8/2007

P.K. അജിത.
പ്രസിഡന്റ് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ്
നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്

Message

# ഹെൽപ്പ് സെൽ





അങ്കമാലി എൻ.ആർ.ഐ. അസോസിയേഷന്റെ അടിസ്ഥാന ലക്ഷ്യം പാരസ്പര്യത്തിന്റെ സഹായഹസ്തം തീർക്കുകയെന്നതാണ്. ഗൾഫിലെ തൊഴിൽ ജീവിതത്തിനിടയിൽ വിവിധ സഹായം ലഭിക്കേണ്ട സാഹചര്യം പലരുടേയും ജീവിതത്തിൽ ഉണ്ടായേക്കാം. നിയമപരമായ സഹായ ലഭ്യതയാണ് ഇതിൽ ഏറ്റവും പ്രധാനം.

ഗൾഫിലെ നിയമങ്ങളെ പറ്റിയുള്ള അജ്ഞതയും നിയമ സഹായ കേന്ദ്രങ്ങൾ എവിടെയുണ്ടെന്നുള്ള അറിവില്ലായ്മയുമൊക്കെ നിയമപരമായ പ്രശ്നങ്ങൾ നേരിടുന്നവരെ കൂടുതൽ സങ്കീർണതയിസ് എത്തിച്ചേക്കാം. ഇതൊഴിവാക്കാൻ അസോസിയേഷന്റെ ഹെൽപ്പ്സെല്ലിനു കഴിയും. യു.എ.ഇ.യിലെ പ്രമുഖ അഭിഭാഷകൻമാരുടെ ഒരു പാനൽ ഹെൽപ് സെല്ലിന് സൗജന്യ നിയമോപദേശം വാഗ്ദാനം ചെയ്തിട്ടുണ്ട്.

അസോസിയേഷൻ അംഗം കൂടിയായ അഡ്വ. പൗലോസ് വല്ലൂരാനാണ് ഹെൽപ്പ് സെല്ലിന്റെ പ്രഥമ കൺവീനർ.

# Message



ജിഷ
പ്രസിഡന്റ്


**പാറക്കടവ് ഗ്രാമപഞ്ചായത്ത്**

ഒരു പൊന്നോണം കൂടി വരവായി.

[illegible]







ശോശാമ്മ ദേവസ്സി തേനായൻ
പ്രസിഡന്റ്
ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്
ഫോൺ : 2600554

തേനായൻ വീട്
സൗത്ത് വെള്ളാരപ്പിള്ളി പി. ഒ.
ഫോൺ : 0484 - 2466944

തീയതി 18.8.07

[illegible]



Message



**Anilkumar & Family**
Thuravoor


**Augustine Thekkan & Family**
Parakkadavu



## Baby P.O. & Family
Angamaly

**Austin Abel, Anu Shobha**
**Biju Abel Jacob**
Neeleeswaram





**K. N. VISHNU MASTER**
**President**
Grama Panchayath, Thuravoor
Thuravoor P. O. - 683 586
Phone : 0484 - 2617517

**KAIPPILLY MANA**
Kidangoor, Angamaly
Ernakulam -683 591
Phone : 0484 - 2457903
Mob : 9447813293

Date 19.07.2007

സന്ദേശം

ദുബായി കേന്ദ്രമായി പ്രവർത്തിക്കുന്ന അങ്കമാലി NRI [illegible]

[illegible]

**PRESIDENT**
**Thuravoor Grama Panchayat**

Office of the Thuravoor Grama Panchayat * Thuravoor P.O. Ernakulam






# Al - Abbasi

INDUSTRIAL, OIL FIELD & MARINE ORDER SUPPLIERS

**DUBAI - UAE**

Tel: 04 222 22 00   Fax: 04 227 41 72

E-mail: alabas@emirates.net.ae


ERS INDUSTRIAL, OIL FIELD & MARINE ORDER SUPPLIERS IND



**Biju Paul & Family**
Neeleeswaram



**Gijo Manavalan & Family**
Kottamam



**Jacob M.J. & Family**
Thuravoor



**Jestine & Family**
Parakkadavu


DINNER BUFFET
Wednesday - Thursday - Friday
FRIDAY SPECIAL
"Onam Sadhya"
ONAM
RESTAURANT
we are undertaking all kinds of party orders
PH:06-5615330
P.O.Box:58, Al Arooba Street, Behind Arabian Travels
Sharjah - United Arab Emirates


DANIA PHARMACY
DANIA PHARMACY
Karama, Dubai
Tel. : 04 - 397 35 54
Fax : 04 - 397 35 65
Open from 9:00 am to 12:00 Midnight
Special Discount for
Angamaly NRI Association Members

# ഓണാശംസകൾ



"എല്ലാവർക്കും ഐശ്വര്യസമ്പൂർണ്ണമായ ഓണാശംസകൾ"

**Joby, Shiji & Samson,**
Mulavarickal, Vathakkad
Mob : 050-7761893



**Joseph, Minu, Joshua**
Sreemoolanagaram



**Joy Varghese & Family**
Mookkannur

**Poulose Vallooran**
Manjapra

Global Tours & Travels
Aluva Road, Angamaly, Kerala.
Tel: 0091 484 2459696
E-mail: global_kerala@yahoo.co.in
www.globaltourskerala.com
Dubai Contact: 050 5753262

THE SURYAS
Travancore
KITCHEN LLC
(MULTI CUISINE RESTAURANT)
OPP. DAY TO DAY CENTRE, NEAR G.P.O KARAMA-DUBAI PHONE: 04-3353032/3365412
WE UNDERTAKE OUTDOOR CATERING






**Raji Chacko & Family**
Manjapra



**Robin & Jija**
Neeleeswaram



**Joel, Sony & Roy**
Karukutty



**Saji K Chacko & Family**
Manjapra

# ഓണസ്മൃതികൾ 2006


















# ഓണാശംസകൾ



**Santhosh T.G. & Family**
Kanjoor


## ഓണാശംസകൾ

**Simon.C.K., Ligi Simon,**
**Sharon C. Simon, Nishon C. Simon**
Angamaly



**Thomas O.P. & Family**
Neeleeswaram

**V.B.V. Nair & Family**
Mookkannoor



# exodus
media solutions L.L.C.





*Creativity Beyond Technology*

Television
Advertising
Events
Graphic Designing
Corporate Identity

Multimedia
Publishing
Outdoor Media
Video Presentations
Gift & Promotion

P.O. Box: 98008, Dubai, U.A.E.
Tel: +971 4 2680145, Fax: +971 4 2680146
E-mail:exodusmedia@gmail.com

# ഓണാശംസകൾ



**Vinu John & Family**
Neeleeswaram

## കൊച്ചുമനസ്സിൽ ഉണർന്ന ചിത്രങ്ങൾ...










Special Combo Offer
Subscribe
Mayoori
International Women's Magazine
&
Mayoori Cinema
Only
80 Dhs
CALL : 04 2635585



കുഴൂർ വിൽസൺ

# കൃഷിക്കാരൻ

രാവിലത്തെ അത്താഴം കഴിഞ്ഞ്
നടന്ന് തന്നെ മടങ്ങുമ്പോൾ ചായക്കടയിൽ നിന്നും
ഒരു പഴം വാങ്ങി

പഴം തിന്നുമ്പോൾ അത്
കൃഷി ചെയ്തയാളെ
ഭാവനയിൽ വരച്ചുനോക്കി

ഞാനിപ്പോൾ തിന്നുന്ന പഴത്തിന്റെ
കൃഷിക്കാരൻ ഇപ്പോളെവിടെയായിരിക്കും

അയാൾ ഉറങ്ങുകയാവുമോ
കൃഷി ചെയ്യുകയായിരിക്കുമോ
അയാൾ ഇപ്പോൾ ഉണ്ടാകുമോ

കൃഷിക്കാരനെ ഓർത്തപ്പോൾ
കൃഷിക്കാരനായിരുന്ന അപ്പനെ ഓർമ്മ വന്നു

കഷ്ടം

ഒരു പഴം വേണ്ടിവന്നു
ഈ തെറിച്ച വിത്തിനു സ്വന്തം
കൃഷിക്കാരനെ ഓർമ്മിക്കുവാൻ





شاطئ الشرق للخدمات ذ.م.م
EAST COAST
SERVICES L.L.C.

DUBAI - UAE
TEL: 04 - 396 20 00
FAX: 04 - 396 22 00

# ഓണവിഭവങ്ങൾ

## അവിയൽ

### ചേരുവകൾ

ചേന– 100 ഗ്രാം
ഇളവൻ– 150 ഗ്രാം
വെള്ളരിക്ക– 150 ഗ്രാം
പടവലങ്ങ– 100 ഗ്രാം
കാരറ്റ്– ഒരു ചെറുത്
വഴുതനങ്ങ – ഒരു വലുതിന്റെ പകുതി
മുരിങ്ങക്ക – ഒന്ന് നീളത്തിൽ അരിഞ്ഞത്
പച്ചമാങ്ങ – ഒന്ന് നീളത്തിൽ അരിഞ്ഞത്
പച്ച ഏത്തക്കായ്– ഒന്ന്
അച്ചിങ്ങാപ്പയർ– അഞ്ച്
തൊണ്ടൻമുളക്– അഞ്ചെണ്ണം (രണ്ടായി പിളർന്നത്)
പച്ചമുളക്– പത്ത്
കറിവേപ്പില– നാലു തണ്ട്
മഞ്ഞൾപ്പൊടി– മുക്കാൽ ടീസ്പൂൺ
മുളകുപൊടി– ഒരു ടീസ്പൂൺ
ജീരകം– ഒന്നര ടീസ്പൂൺ
തേങ്ങ ചിരകിയത്– ഒരു വലിയ തേങ്ങ
വെളിച്ചെണ്ണ– 50 ഗ്രാം
ഉപ്പ്– പാകത്തിന്

### പാചകരീതി

തേങ്ങ, ജീരകം, പച്ചമുളക് എന്നിവ തരുതരുപ്പായി ആദ്യം അരച്ചു വയ്ക്കുക. ഒരു ഉരുളിയിൽ അല്പം വെളിച്ചെണ്ണ ഒഴിച്ച് ചേന അരിഞ്ഞത് ഇട്ട് രണ്ടു മിനിട്ടുനേരം വഴറ്റുക. ഇതിലേക്ക് അരിഞ്ഞുവച്ചിരിക്കുന്ന ഇളവൻ, വെള്ളരിക്ക, പടവലങ്ങ, കാരറ്റ്, ഏത്തക്ക, വഴുതനങ്ങ, അച്ചിങ്ങാപ്പയർ എന്നിവയും ചേർത്ത് ഇളക്കുക. ഇതിന്റെ കൂടെ മുളകുപൊടിയും മഞ്ഞൾപ്പൊടിയും പാകത്തിന് ഉപ്പും ഒരു കപ്പ് വെള്ളവും ഒഴിച്ച് പാത്രം അടച്ചിട്ട് വേവിക്കുക. ഈ പച്ചക്കികൾ പകുതി വേകുമ്പോൾ പച്ചമാങ്ങ അരിഞ്ഞതും മുരിങ്ങക്കയും തൊണ്ടൻമുളകും ചേർത്ത് വീണ്ടും അടച്ചുവച്ച്വേവിക്കുക.കഷണങ്ങൾ ഏകദേശം വെന്തുകഴിയുമ്പോൾ അരച്ചുവച്ചിരിക്കുന്ന തേങ്ങാക്കൂട്ട് മുകളിലായി തട്ടിപ്പൊത്തിവച്ച് ആവി കയറ്റുക. അരപ്പിൽ ആവി കേറി കഴിഞ്ഞാൽ ഇത് കഷണങ്ങളുമായി നന്നായി ഇളക്കി യോജിപ്പിച്ച് കറിവേപ്പിലയും വെളിച്ചെണ്ണയും ഒഴിച്ച് തീ അണച്ച് അല്പനേരം അടച്ചുവയ്ക്കുക. വിളമ്പാൻ നേരം വീണ്ടും ഒന്നിച്ചാക്കി യോജിപ്പിക്കുക.



## കാളൻ

### ചേരുവകൾ

നേന്ത്രക്കായ– ഒന്ന്
ചേന– നൂറു ഗ്രാം
തേങ്ങ– ഒന്ന്
പുളിച്ച കട്ടിയുള്ള തൈര്– ഒരു ലിറ്റർ
വെളിച്ചെണ്ണ– 25 ഗ്രാം
പച്ചമുളക്– നാല്
കടുക്– അര ടേബിൾ സ്പൂൺ
ജീരകം– അര ടീസ്പൂൺ
മഞ്ഞൾപ്പൊടി– അര ടീസ്പൂൺ
മുളകുപൊടി– മുക്കാൽ ടീസ്പൂൺ
കറിവേപ്പില– രണ്ടു തണ്ട്
ഉലുവ– അര ടീസ്പൂൺ
ഉപ്പ്– പാകത്തിന്

### പാചകരീതി

നേന്ത്രക്കായ തൊലികളഞ്ഞ് ചെറിയകഷണങ്ങളാക്കി നുറുക്കണം. ചേനയും ചെത്തി നുറുക്കുക. കഷണങ്ങൾ കഴുകി പാകത്തിന് വെള്ളത്തിൽ അടുപ്പത്തു വയ്ക്കുക. മഞ്ഞൾപ്പൊടിയും മുളകുപൊടിയും ഒപ്പം ചേർക്കണം.

കഷണം വെന്തുകഴിഞ്ഞാൽ ഉപ്പു ചേർക്കാം. ജീരകം, തേങ്ങ, പച്ചമുളക് എന്നിവ നന്നായി അരച്ചെടുക്കണം. വെന്ത കഷണങ്ങൾ തൈരൊഴിച്ച് ഇളക്കിക്കൊണ്ടിരിക്കണം. ചാറ് കുറച്ചു കുറുകുമ്പോൾ തേങ്ങ അരച്ചതും കുറച്ചു കറിവേപ്പിലയും മുളകും ചേർത്ത് ഇളക്കണം. അഞ്ചു മിനിട്ടിനു ശേഷം വാങ്ങിവയ്ക്കുക. കടുക്, കറിവേപ്പില, മുളക് എന്നിവ വറുത്തിടണം.

## ഇഞ്ചിക്കറി

### ചേരുവകൾ

ഇഞ്ചി ഒരിഞ്ചു വലുപ്പത്തിൽ– ആറു കഷണം
ചുവന്നുള്ളി ചെറുതായരിഞ്ഞത്– രണ്ടു ടീസ്പൂൺ
ഉലുവ, കടുക്, വാളമ്പുളി, ഉപ്പ്, ശർക്കര– ആവശ്യത്തിന്
മുളകുപൊടി– അര കപ്പ്
വെളിച്ചെണ്ണ– കാൽ കപ്പ്
അരിപ്പൊടി– രണ്ടു നുള്ള്

### പാചകരീതി

ഇഞ്ചി തൊലികളഞ്ഞ് വൃത്തിയാക്കി ചതച്ച് വെട്ടിത്തിളയ്ക്കുന്ന വെള്ളത്തിലിടണം. കുറച്ചു സമയം കഴിഞ്ഞ് വാങ്ങി ഊറ്റിയശേഷം പച്ചവെള്ളമൊഴിച്ച് പിഴിഞ്ഞ് ഉതിർത്തെടുക്കുക. പിന്നീട് ഇതിൽ അരിപ്പൊടി ചേർത്തിളക്കി വെളിച്ചെണ്ണയിൽ വറുക്കുകയും ചുവപ്പുനിറമാകുമ്പോൾ കോരുകയും ചെയ്യണം. മുളകുപൊടിയും ഉള്ളിയും കൂട്ടിയോജിപ്പിച്ച് അരച്ചെടുക്കുക. വാളമ്പുളി പിഴിഞ്ഞ് ഉപ്പു ചേർത്ത് വയ്ക്കുക. ചീനച്ചട്ടിയിൽ എണ്ണ ചൂടാകുമ്പോൾ കടുകും ഉലുവയും താളിച്ച് അരപ്പ് നന്നായി വഴറ്റുക. ശേഷം പുളിയും ഉപ്പും ചേർത്ത് കലക്കി ഇഞ്ചിക്കൂട്ട് ചേർത്തിളക്കണം. ചേരുവകൾ വെട്ടിത്തിളയ്ക്കുമ്പോൾ വാങ്ങി വച്ച് ശർക്കര ചേർത്തിളക്കുക. തണുക്കുമ്പോൾ പകർന്നുവയ്ക്കുക. മധുരം ആവശ്യമെങ്കിൽ മാത്രം ശർക്കര ചേർത്താൽ മതി.

## മത്തങ്ങഎരിശേരി

### ചേരുവകൾ

മത്തങ്ങ– ഒരു കിലോ
തേങ്ങ– ഒന്ന്
ജീരകം– അര ടീസ്പൂൺ
മുളകുപൊടി– രണ്ടു ടീസ്പൂൺ
വെളിച്ചെണ്ണ– 50 ഗ്രാം
മഞ്ഞൾപ്പൊടി– കാൽ ടീസ്പൂൺ
കറിവേപ്പില– ആവശ്യത്തിന്
ഉപ്പ്– പാകത്തിന്

പാചകരീതി

നന്നായി വിളഞ്ഞ നാടൻ മത്തങ്ങ കാലിഞ്ചു കനത്തിൽ കഷണങ്ങളാക്കിയെടുക്കുക. മൂപ്പു കൂടുതലാണെങ്കിൽ തൊലി ചെത്തിക്കളയണം. കഷണങ്ങൾ കഴുകി വൃത്തിയാക്കിയ വാരിയ ശേഷം മഞ്ഞൾപ്പൊടി, മുളകുപൊടി, കറിവേപ്പില, ഉപ്പ്, കഷണങ്ങളുടെ മുക്കാൽ ഭാഗം വെള്ളം എന്നിവ ചേർത്ത് അടുപ്പത്തുവയ്ക്കുക. നന്നായി വേവുമ്പോൾ ഒരു മുറി തേങ്ങയും ജീരകവും കൂടി അരച്ചെടുത്ത് മത്തങ്ങ നല്ലതുപോലെ തവി കൊണ്ട് ഉടച്ച് അരച്ചു വച്ച തേങ്ങാവെള്ളത്തിൽ കലക്കി ചേർക്കണം. പിന്നീട് ഒരു മുറി വിളഞ്ഞ തേങ്ങ ചെറുതായി ചിരവി അടുപ്പത്തു വച്ച് വറുത്ത് വെള്ളം വറ്റുമ്പോൾ വെളിച്ചെണ്ണ ഒഴിക്കുക. തേങ്ങ ചുവക്കുമ്പോൾ കടുക്, മുളക്, കറിവേപ്പില എന്നിവ താളിച്ചു ചേർക്കണം.

## ശർക്കരപുരട്ടി ഉപ്പേരി

### ചേരുവകൾ

ഏത്തയ്ക്ക തൊലികളഞ്ഞ് നടുവേ കീറിയത്– ഒരു കിലോ
ശർക്കര– 650 ഗ്രാം
എണ്ണ– ആവശ്യത്തിന്
ചുക്കുപൊടി, ജീരകപ്പൊടി–
ഏലയ്ക്കാപൊടി– കുറച്ച്

### പാചകരീതി

ഏകദേശം മുക്കാൽ വിളവായ ഏത്തയ്ക്ക തൊലികളഞ്ഞ് നടുവേ കീറി അരയിഞ്ചു കനത്തിൽ അരിഞ്ഞെടുക്കുക. ഉരുളിയിൽ എണ്ണ അടുപ്പത്തു വച്ച് തിളയ്ക്കുമ്പോൾ അരിഞ്ഞു വച്ച് ഏത്തയ്ക്ക ഇടുക. തീ നന്നായി കൂട്ടി വയ്ക്കുക. ഏകദേശം പത്തു മിനിട്ടു കഴിയുമ്പോൾ ഇളക്കിക്കൊടുക്കുക. പകുതി മൂപ്പായാൽ തീ കുറച്ച് ഉപ്പേരിയുടെ അകം മൊരിയുന്നതു വരെ ഇളക്കിക്കൊണ്ടിരിക്കണം. അകം മൊരിഞ്ഞാൽ കോരിയെടുത്ത് കടലാസിൽ നിരത്തിയിടുക. ഉരുളിയിൽ ശർക്കരയിട്ട് വെള്ളമൊഴിച്ച് പാനി കാച്ചി തൊട്ടുനോക്കിയാൽ നൂൽപോലെയാകുമ്പോൾ വാങ്ങി വയ്ക്കുക. പിന്നീട് ഉപ്പേരിയിൽ ചുക്കുപൊടി, ജീരകപ്പൊടി, ഏലയ്ക്കാപ്പൊടി എന്നിവ ഇട്ട് ഇളക്കി ചൂടാറുമ്പോൾ കാറ്റു കൊള്ളാത്ത പാത്രങ്ങളിലാക്കി സൂക്ഷിക്കാം.

## കടലപ്പരിപ്പ് പ്രഥമൻ

### ചേരുവകൾ

കടലപ്പരിപ്പ് (വേവിച്ച് ഉടച്ചത്)– 250 ഗ്രാം
ശർക്കര– 600 ഗ്രാം (ഉരുക്കി അരിച്ചത്)
ചൗവരി– 50 ഗ്രാം വേവിച്ചത്
കിസ്മിസ്– 50 ഗ്രാം
അണ്ടിപ്പരിപ്പ്– 50 ഗ്രാം
തേങ്ങാക്കൊത്ത്– അര കപ്പ്
ഏലയ്ക്കാപ്പൊടിച്ചത്– ഒരു ടീസ്പൂൺ
തേങ്ങാപ്പാൽ (മൂന്നാം പാൽ)– മൂന്നു കപ്പ്
രണ്ടാം പാൽ– രണ്ടു കപ്പ്
ഒന്നാം പാൽ– ഒരു കപ്പ്
നെയ്യ്– 50 ഗ്രാം

### പാചകരീതി

ഉരുളിയിൽ അല്പം നെയ്യ് ഒഴിച്ച് വേവിച്ച കടലപ്പരിപ്പ് ഇട്ട് വഴറ്റി ശർക്കര ഉരുക്കിയത് ചേർത്ത് വരട്ടി എടുക്കുക. ഇതിലേക്ക് മൂന്നാം പാൽ ഒഴിച്ച് ചൗവരി വേവിച്ചതും ചേർത്ത് തിളപ്പിച്ച് കുറുക്കുക. മൂന്നാം പാൽ വറ്റിത്തുടങ്ങുമ്പോൾ രണ്ടാം പാൽ ഒഴിച്ച് കുറുക്കി ഒന്നാം പാലും ചേർത്ത് പായസം അടുപ്പിൽ നിന്ന് മാറ്റി ഏലയ്ക്കാ പൊടിച്ചതും ചേർക്കുക. നെയ്യിൽ വറുത്ത അണ്ടിപ്പരിപ്പും കിസ്മിസും തേങ്ങാക്കൊത്തും വിതറുക.



# PARAKKAT

## Jewels (LLC)

**IMITATION JEWELLERY**

**Near UAE Xchange, Rolla, Sharjah. Ph:06-5631146**

**H.O. Shop No-30, 31, Karama Center, Dubai. Ph: 04-3342338**

K.M. Trading Center, Dubai. Ph: 04 3347502

National Cinema Building , Abu Dhabi. Ph: 02-6771556

# MAYOORI

TEXTILE TRADING

Dubai Tel 04 - 335 57 69 Sharjah Tel: 06 562 85 88

# GIFT SPONSORS

## Main Gift Sponsor

Grand
City Mall

Noble
THE POWER WATCH

Swiss Arabian Perfumes

NIRAPARA

Excellent
THE JEWEL WATCH

NELLARA
FOOD PRODUCTS

PARAKKAT
Jewels (LLC)
IMITATION JEWELLERY

Periyar Rice

SILVER STORM

العين
Al Ain

## അങ്കമാലി എൻ.ആർ.ഐ. അസ്സോസിയേഷന്റെ

# ഓണാശംസകൾ

Ankamaly NRI Association

# പൊന്നോണം 2007

ജാതി – ലിംഗ – നിറ ഭേദമില്ലാതെ സമത്വവും
സ്വാതന്ത്ര്യവും ഐശ്വര്യവും നിറഞ്ഞു നിന്ന
മാവേലി നാട് ഓർമ്മ പുതുക്കൽ മാത്രമായി
ആണ്ടിലൊരിക്കൽ ആഘോഷിക്കപ്പെടുന്നു.
ഓണാഘോഷത്തിന്റെ ആരവങ്ങൾക്കിടയിൽ
ചെറിയ ചിന്തകളുമായി ഈ ഓണപ്പതിപ്പ് അങ്കമാലി
എൻ.ആർ.ഐ. അസോസിയേഷൻ
നിങ്ങൾക്കായി സമർപ്പിക്കുന്നു.

ഞങ്ങളുടെ ഈ ശ്രമത്തിൽ ഞങ്ങൾക്ക് തുണയായി നിന്ന
ഓരോരുത്തരേയും സ്നേഹപൂർവ്വം ഓർക്കുന്നു.
ഈ സപ്ലിമെന്റ് ഡിസൈൻ ചെയ്ത
സരിത് കുമാർ, ഡി.ടി.പി. നിർവ്വഹിച്ച പ്രേം രാജ്
എന്നിവരെ ഇവിടെ നന്ദിപൂർവം സ്മരിക്കുന്നു.

ആണ്ടിലൊരിക്കൽ ഓണമായി വരുന്ന സന്തോഷവും
സമൃദ്ധിയും ഓരോരുത്തരിലും നിലനിന്നിരുന്നെങ്കിൽ...

എല്ലാവരും എന്നും സന്തോഷത്തോടും സമൃദ്ധിയോടും
ഒരുമയോടും കഴിഞ്ഞിരുന്നെങ്കിൽ...
'ലോകാ സമസ്താ സുഖിനോ ഭവന്തു'

